# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കക്കോടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി10/1830/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 22/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി10/1830/2023 തീയ്യതി: 22/12/2023

# കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-02-2023 മുതൽ 16-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 17-11-2023 | 24-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-11-2023 | 24-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. ലത. ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അനൂപ്. കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ജിഷ.പി, ഓഡിറ്റർ

ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.പി.ഷീബ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.യു.കെ.രാജൻ | സെക്രട്ടറി | 01-04-2022 | 21-09-2022 |
| ശ്രീമതി.നിർമ്മല അഗസ്റ്റിൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-09-2022 | 01-10-2022 |
| ശ്രീ.യു.കെ.രാജൻ | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഭുവനേശ്വരി.എൻ | അസി. സെക്രട്ടറി | 01-04-2022 | 19-09-2022 |
| ശ്രീമതി.നിർമ്മല അഗസ്റ്റിൻ | അസി. സെക്രട്ടറി -ഇൻ–ചാർജ് | 20-09-2022 | 01-11-2022 |
| ശ്രീമതി.ഷെരീഫ.എം | അസി. സെക്രട്ടറി | 02-11-2022 | 31-03-2023 |
| ശ്രീമതി .നീന കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അംബിക രാജൻ നമ്പ്യാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.അമിത.എം.കേളപ്പൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ദിവ്യ.പി.കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി അസീന സി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജെൻഷി.പി.ബി | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ.ഹാഫിസ് മുഹമ്മദ്.കെ | വി.ഇ.ഒ. | 01-04-2022 | 04-05-2022 |
| ശ്രീ.അരുൺ.ഇ | വി.ഇ.ഒ. | 05-05-2022 | 31-03-2023 |
| ഡോ.ജുമാന.എം.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.ധന്യ.സി.ആർ | അസി.എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീ.ശ്രീജിത്ത് | അസി.എഞ്ചിനീയർ | 06-09-2022 | 11-10-2022 |
| ശ്രീമതി.രമ്യ.എൻ.കെ | അസി.എഞ്ചിനീയർ | 11-10-2022 | 31-03-2023 |
| ശ്രീ.സുനിൽ കുമാർ.എസ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീ.ബാബു.കെ.എം | ഹെഡ്മാസ്റ്റർ | 01-06-2022 | 30-09-2022 |
| ശ്രീമതി.ഷീജ.ടി.പി | ഹെഡ്മാസ്റ്റർ | 01-10-2022 | 31-03-2023 |
| ശ്രീ.സുനീർ.വി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-12-2022 |
| ശ്രീമതി.വിജില.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2023 | 06-02-2023 |

| | | | |
|---|---|---|---|
| ശ്രീ.ശ്യാംചന്ദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 07-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-3 |
| 5 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിൽ എടുത്തില്ല. | 1-1-4 |
| 6 | ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ബാദ്ധ്യത തുകയുടെ വിശദവിവരം ലഭ്യമല്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്ഷേമപദ്ധതികൾ | 1-6 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 16 | ടാക്സ് ഓഡിറ്റ് | 1-9 |
| 17 | ഹഡ്കോ ലോൺ തിരിച്ചടവ് - അധികം തുക കുറവ് ചെയ്തു. | 1-10 |
| 18 | കൃഷി ഓഫീസർ - രസീതി പിരിവിലെ അപാകതകൾ | 1-11 |
| 19 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 20 | തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടുതൽ അനുവദിച്ചു. അധിക ചെലവ് - 79,672/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു. | 1-13 |
| 21 | 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള മെറ്റീരിയൽ വർക്കിൽ സ്രോതസ്സിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയതിൽ കുറവ് . | 1-14 |
| 22 | ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തിക്ക് ഫോംവർക്കിനുള്ള നിരക്ക് അനുവദിച്ചതിനാൽ അധികചെലവ് - 3288 /- രൂപ | 1-15 |
| 23 | ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർനടപടികൾ | 1-16 |
| 24 | നെല്ലുവയൽ പായപ്പള്ളി തോട് പുനരുദ്ധാരണം - പദ്ധതി സമഗ്രമല്ല | 1-17 |
| 25 | ക്വട്ടേഷൻ നിരക്കിലും വ്യത്യസ്തമായി തുക നൽകി | 1-18 |
| 26 | തുക നൽകിയതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടില്ല | 1-19 |
| 27 | ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-20 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച് | 1-21 |
| 29 | പോത്തു കുട്ടികളെ ഇൻഷ്വർ ചെയ്ത രേഖകൾ ലഭ്യമല്ല. | 1-22 |
| 30 | അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് -വിനിയോഗ വിവരം ലഭ്യമല്ല. | 1-23 |
| 31 | ഗുണഭോക്താവിന് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമായില്ല. | 1-24 |
| 32 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത | 1-25 |
| 33 | അങ്കണവാടി പോഷകാഹാരം - ടി.എച്ച്.ആർ.എസ്, കയറ്റിറക്ക കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ നൽകിയതിനാൽ അധിക ചെലവ്- മറ്റ് അപാകതകൾ | 1-26 |
| 34 | ബഡ്സ് സ്കൂൾ - പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച് | 1-27 |
| 35 | പകൽ വീട് പ്രവർത്തനം കാര്യക്ഷമമല്ല | 1-28 |

| | | |
|---|---|---|
| 36 | വാടക- അപാകതകൾ | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടി പോഷകാഹാരം - ടി.എച്ച്.ആർ.എസ്, കയറ്റിറക്ക കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ നൽകിയതിനാൽ അധിക ചെലവ് | 3-1 |
| 2 | ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തിക്ക് ഫോംവർക്കിനുള്ള നിരക്ക് അനുവദിച്ചതിനാൽ അധികചെലവ് - 3288 /- രൂപ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 30.06.2023 ലെ 1/131/23 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.**

SBI E-payment ന്റെ മാർച്ച് മാസത്തെ റീക്കൺസീലിയേഷൻ പത്രികയിൽ മുൻമാസങ്ങളിലെ പല തുകകളും നിലവിലും ക്രമീകരിക്കാതെ Directly Debited By Bank ആയി അവശേഷിക്കുന്നു.

**1-1-4 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിൽ എടുത്തില്ല.**

എസ്.ബി.ഐ E-payment അക്കൗണ്ടിൽ Directly Credited By Bank ആയി വന്ന 2162/- രൂപ രസീത് നൽകി കണക്കിലെടുത്തില്ല.

**1-1-5 ഇ പേയ്മെന്റ് മുഖേന അടവാക്കുന്ന തുക അക്കൗണ്ടിൽ അതേ ദിവസം ക്രെഡിറ്റാവുന്നില്ല.**

SBI-ഇ പേയ്മെന്റ് അക്കൗണ്ടിന്റെ മാർച്ച് മാസത്തെ റീക്കൺസീലിയേഷൻ പത്രികയിൽ Cheque Deposited But Not Cleared ആയി 5922/- രൂപ ഉണ്ട്. ഇതിൽ മൂന്ന് മാസത്തിലധികം കാലപ്പഴക്കമുള്ള ചെക്കുകളും ഉൾപ്പെടുന്നു. ആയത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

**1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.**

ഉദാ.വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

**1-1-7 ബാദ്ധ്യത തുകയുടെ വിശദവിവരം ലഭ്യമല്ല**

ബാലൻസ് ഷീറ്റ് ബി-4 320800102 ഹെഡിൽ Beneficiary Contributions (Direct Expenditure) ലയബിലിറ്റിയായി 4,20,700/- രൂപ അവശേഷിക്കുന്നു. ഇത് ഏതെല്ലാം പദ്ധതികൾക്ക് ലഭിച്ച തുകയാണെന്നുള്ള വിവരം ലഭ്യമല്ല.

**1-2 ബജറ്റ്**

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30/03/2022 തിയ്യതിയിലെ 1/42/22 നമ്പർ തീരുമാന പ്രകാരം 2022-23 ബജറ്റും, 3.3.23 ലെ 4/39/23 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ അംഗീകരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 24598129 |
| വരവ് | 335709000 |
| ആകെ | 360307129 |
| ചെലവ് | 353784000 |
| നീക്കിയിരിപ്പ് | 6523129 |

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 42087172.57 |
| വരവ് | 62315550.00 |
| ആകെ | 104402722.57 |
| ചെലവ് | 54538830.00 |
| നീക്കിയിരിപ്പ് | 49863892.57 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 30243386 | 30243386 | 28424842 | 1818544 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8871257 | 8871257 | 8070743 | 800514 |
| മെയിന്റനൻസ്, റോഡ് | 0 | 11322000 | 11322000 | 10007719 | 1314281 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7964000 | 7964000 | 5903943 | 2060057 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 3258364 | 4718592 (4383000+ 335592 (Interest)) | 7976956 (7641364+ 335592 (Interest)) | 3222867 | 4754089 (4418497+ 335592 (Interest)) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 31534 | 31534 | 31534 | 0 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 6595824 (4598824+ 1997000) | 6574000 | 13169824 | 6600020 (6452589+ 147431) | 6569804 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury | 0 | 1093150 | 1093150 | 1093150 | 0 |

(കുറിപ്പ്-സി.എഫ്.സി(untied Grant) Bank ൽ 94514/- രൂപ മുൻവർഷപലിശ ഉൾപ്പെടെയുള്ള തുകയാണ് മുന്നിരിപ്പായി കാണിച്ചിട്ടുള്ളത്.

സി.എഫ്.സി(tied Grant) Bank ൽ മുൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ജോയിന്റ് വെഞ്ചർ പദ്ധതിക്കായി E-gramswaraj മുഖേന ലഭിച്ച 1997000/- രൂപ ഉൾപ്പെടെയുള്ള തുകയാണ് മുന്നിരിപ്പായി കാണിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി ചെലവ് 147431/- രൂപ ചെലവിനത്തിൽ ഉൾപ്പെടുന്നുണ്ട്)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 214 | 132147926 | 169 | 80896001 | 45 | 79 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 15 | 15 | 45,76,040 | 40,91,003 | 89.40 |
| വെറ്ററിനറി സർജൻ | 10 | 10 | 49,67,000 | 27,61,718 | 55.60 |
| മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 15 | 15 | 64,63,998 | 62,03,793 | 95.97 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 9,70,000 | 9,69,997 | 99.99 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 12 | 10 | 2,34,08,392 | 1,17,49,674 | 50.19 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 13 | 95,96,250 | 85,64,414 | 89.24 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 84 | 54 | 4,72,97,093 | 2,33,94,856 | 49.46 |
| ഡയറി ഫാം ഓഫീസർ | 2 | 2 | 9,50,000 | 9,50,000 | 100 |
| സെക്രട്ടറി | 35 | 26 | 1,22,17,441 | 80,06,782 | 65.53 |
| അസി.സെക്രട്ടറി | 8 | 8 | 43,10,432 | 35,11,284 | 81.46 |

| | | | | | |
|---|---|---|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 10 | 7 | 1,29,96,280 | 69,29,360 | 53.31 |
| ഹെഡ്മാസ്റ്റർ | 6 | 5 | 42,75,000 | 37,15,120 | 86.90 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1,20,000 | 48,000 | 40.00 |
| | 214 | 169 | 13,21,47,926 | 8,08,96,001 | 61.21 |

ഡി.പി.സി. അംഗീകാരം ലഭിച്ച 214 പ്രോജക്റ്റുകളിൽ 169 എണ്ണം ഓഡിറ്റ വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 13,21,47,926/-രൂപ വകയിരുത്തിയതിൽ 8,08,96,001/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 52,20,416 /-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 4622800 | 420 |
| വിധവാപെൻഷൻ | 17032000 | 1679 |
| വാർദ്ധക്യകാലപെൻഷൻ | 3,89,93,600 | 3826 |
| വികലാംഗപെൻഷൻ | 47,99,600 | 455 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 33,25,600 | 321 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1,20,000 | 4 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.2023ന് 01.00 PM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,608/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

1-3-22 ലെ എ23/2021 ഓഫീസ് ഉത്തരവ് പ്രകാരം ഓഫീസിലെ എല്ലാ ഉത്തരവാദിത്തങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ചുനൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി പുനക്രമീകരിച്ച് നൽകിയിട്ടുണ്ട്. 20-9-2023 ലെ 18/2023 നം. ഉത്തരവ് പ്രകാരം ആയത് വീണ്ടും പുന:ക്രമീകരിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും അതുവരെ ചെയ്ത പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 20-4-22, 17-5-22, 10-6-22, 12-7-22, 4-8-22, 4-9-22, 17-10-22, 4-11-22, 14-12-22, 13-1-23, 8-2-23, 13-3-23 എന്നിങ്ങനെ 12 തവണയായി ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. തൊഴിൽ നികുതിയുമായി

ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ഡി&ഒ ലൈസൻസില്ലാതെ ചില സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെന്നത് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്. വിശദാംശങ്ങൾക്കായി ഖ 1-9 കാണുക. തെരുവുവിളക്കുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ടാക്സ് ഓഡിറ്റ്

### ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനം വിപുലീകരിക്കാവുന്നതാണ്. കക്കോടി ഗ്രാമപഞ്ചായത്തിലെ വരവിനങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് നിരീക്ഷണങ്ങളും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകളും താഴെ ചേർക്കുന്നു.

### വസ്തുനികുതി വരവ്

2011 ലെ വസ്തുനികുതി ചട്ടപ്രകാരം 5 വർഷം കൂടുമ്പോൾ നിയമാനുസരണം നികുതി വർദ്ധിപ്പിക്കാവുന്നതാണ്. 22.03.2023 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണം നടപ്പാക്കിയിട്ടുണ്ട്. 30.06.2023 ലെ ഭരണസമിതിയുടെ 6/136(1)/2023 നമ്പർ തീരുമാനപ്രകാരം മേഖലകൾ തിരിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം പരിഷ്കരിക്കുന്നതിനായി 10.05.2023 ലെ 100(2) /23ാം നമ്പർ ഭരണസമിതിയുടെ തീരുമാന പ്രകാരം താൽക്കാലികമായി നിശ്ചയിക്കുകയും ആയതിന്മേൽ പൊതുജനങ്ങളുടെ അറിവിനും ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുമായി ദിനപത്രത്തിലും, വില്ലേജ് ഓഫീസിന്റെ നോട്ടീസ് ബോർഡിൽ പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ആക്ഷേപങ്ങളോടു കൂടി പ്രസ്തുത കാലയളവിൽ ഈടാക്കുന്ന നിരക്ക് സംബന്ധിച്ചും മേഖല വിഭജനം സംബന്ധിച്ചും റോഡ് തരം തിരിവ് സംബന്ധിച്ചും കരട് വിജ്ഞാപനങ്ങൾ പഞ്ചായത്ത് അന്തിമ വിജ്ഞാപനം (ജെ.സി4-5189/23 തീയതി 14.07.2023) ചെയ്ത് 14.07.2023 ന് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, കൃഷി ഭവൻ എന്നീ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2022-23 വർഷം കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് വിതരണം ചെയ്ത് 2022 നവംബർ, ഡിസംബർ മാസങ്ങളിലായി വസ്തുനികുതി പിരിവ് ക്യാമ്പ് നടത്തിയിട്ടുണ്ട്. നിലവിൽ പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുകയും ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടുമുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് വസ്തുനികുതി ഈടാക്കി വരുന്നത്. സോഫ്റ്റ് വെയറിൽ അപാകതയുള്ളതായി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പുതുതായി കൂട്ടി ചേർത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ കാര്യത്തിൽ നികുതി പുനർനിർണ്ണയിക്കുന്നതിൽ കെട്ടിടത്തിന്റെ മുഴുവൻ ഏരിയയും (പഴയ കെട്ടിട ഭാഗത്തിനും) പുതിയ നികുതി ഈടാക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇത് മൂലം പൊതുജനം അധിക നികുതി അടവാക്കേണ്ടി വരുന്നുണ്ടെന്നാണ് അറിയിച്ചത്. സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

03.05.2023, 15.05.2023 തീയതികളിൽ 4-5189/23 നമ്പർ അറിയിപ്പ് പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിൽ കെട്ടിടങ്ങളുടെ വിവരശേഖരണത്തിനായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിങ്ങ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ

ഉൾപ്പെടുത്തി കെട്ടിടത്തിന് നിശ്ചിത നിരക്കിൽ വേതനം നൽകി വിദ്യാർത്ഥികളെ അഭിമുഖത്തിന് ക്ഷണിക്കുകയുണ്ടായി. എന്നാൽ പ്രതീക്ഷയ്ക്ക് വിരുദ്ധമായി വിദ്യാർത്ഥികളെ ലഭിക്കാതിരുന്നതിനാൽ നികുതി വർദ്ധവിനുതകുന്ന വിവരങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിലെ ആസ്തികളുടേയും അസസ്മെന്റ് പ്രകാരമുള്ള മറ്റ് കെട്ടിടങ്ങളുടേയും ഡാറ്റാ ബേസ് ഉപഗ്രഹ സഹായത്തോടെ തയ്യാറാക്കുന്നതിലൂടെ പഞ്ചായത്തിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ശേഖരിക്കുന്നതിന് ലക്ഷ്യമിട്ടു GIS മാപ്പിങ്ങ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും വിധം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ ഉണ്ടാകേണ്ടതാണ്.

**പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തുനികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**പെർമിറ്റ്**

സ്ഥാപന പരിധിയിൽ അനധികൃത നിർമ്മാണം നടക്കുന്നതുമായി ബന്ധപ്പെട്ട് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. എന്നിരുന്നാലും നിലവിൽ അനധികൃത നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിക്കേണ്ടതാണ്. GIS Mapping പദ്ധതി നടത്തിപ്പ് വിജയകരമായാൽ ടി ആവശ്യകതകൾ പൂർത്തിയാകുന്നതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വകുപ്പ് 162 (എ) (ii) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയാണ് കെട്ടിട നിർമ്മാണ നിയന്ത്രണ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. മേൽ പരാമർശിച്ച കെട്ടിടങ്ങൾ സംബന്ധിച്ച് പഞ്ചായത്ത് കൈക്കൊണ്ട നടപടക്രമങ്ങളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**തൊഴിൽ നികുതി വരവ്**

പഞ്ചായത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട ഫോറത്തിൽ രേഖപ്പെടുത്താതെയാണ് തൊഴിൽ നികുതി നിശ്ചയിക്കുന്നത്. ചില സ്ഥാപനങ്ങളിൽ നിന്നും 120/- രൂപ നിരക്കിൽ നികുതി ഈടാക്കിയതായി കാണുന്നു. തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ് രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം ലേബർ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

തൊഴിൽ നികുതി- സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ്ഥാപനങ്ങളുടെ വാർഡ് തലത്തിലുള്ള ഡാറ്റാബെയ്സ് ഉണ്ടാക്കി കാലികമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കുറ്റ മറ്റതാക്കാവുന്നതാണ്. വിവിധ മേഖലയിലെ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, റേഷൻ കട വ്യാപാരികൾ,

സ്വകാര്യ സ്കൂൾ / കോളേജുകൾ തുടങ്ങി തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാവരുടെയും സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കേണ്ടതാണ്.

കേരള പഞ്ചായത്തി രാജ് തൊഴിൽ നികുതി അമെന്റ്മെന്റ് ചട്ടങ്ങൽ 2017ലെ ചട്ടം 14 എ പ്രകാരം Every Employer Or The Head Or Secretary Or Manager Of Any Public Or Private Office, Hotel, Boarding Or Lodging House Or Club Or A Firm Or Company Or Any Other Person Liable To Collect Profession Tax Shall Make An Application To The Secretary Through Online In Such Manner And Within Such Time For Registration Of Its Institution Or Office And On Receipt Of The Said Application, The Secretary Shall Register The Application Within One Day And Provide A Registration Number Including A Login Id And Password And The Taxpayer Can Make The Payment Of The Profession Tax Through Online E-payment System Using The Login Id And Password, Provided, However, Till Such Time The Online System Is Introduced In The Office, The Taxpayers Can Make Payment Through The Existing Manual System And Thereafter Can Switch Over To The Online Payment System When Introduced.

പ്രസ്തുത ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് വരവ്**

2022-23 സാമ്പത്തിക വർഷത്തെ FTE&OS ലൈസൻസ് ഫീ ഇനത്തിലുള്ള വരവ് ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 572200/- | 572200/- | 0 |

2022-23 വർഷത്തിൽ കക്കോടി ഗ്രാമപഞ്ചായത്തിലെ ലൈസൻസ് അനുബന്ധ രേഖകൾ പരിശോധിച്ചതിൽ 1022 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ വിവരാവകാശ രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് കാണുന്നു. ഉദാ:- വാർഡ് 11 ൽ പ്രവർത്തിക്കുന്ന അമ്പാടി ഓട്ടോഗാരേജ് (വിവരാവകാശ മറുപടി കത്ത് നം. A1- 2378/22 തീ. 03.08/2022). ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ ഗ്രാമപഞ്ചായത്ത് മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് വാർഡ് തിരിച്ച് ട്രെയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. ഫീൽഡ് പരിശോധനയിലൂടെ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**വാടക , ഓഡിറ്റോറിയം**

2022-23 വർഷത്തെ ഡി.സി.ബി (രജിസ്റ്റർ പ്രകാരമുള്ളത്)

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക | 3,32,892/- | 3,32,892/- | 0 |
| ഓഡിറ്റോറിയം വാടക | 14,300/- | 14,300/- | 0 |

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 29 മുറികളാണ് വാടകയ്ക്ക് നൽകാനുള്ളത്. ഏപ്രിൽ മാസം 1 മുതൽ

മാർച്ച് 31 വരെ ഒരു വർഷത്തേക്കാണ് വാടകക്കാരുമായി കരാർ തയ്യാറാക്കി വരുന്നത്. പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. കെട്ടിടം വാടകയ്ക്ക് നൽകുന്ന വ്യക്തികളുമായി സ്ഥാപനം കരാറിലേർപ്പെടുന്നുണ്ട്. എന്നിരുന്നാലും വാടക ഈടാക്കുന്നതിലെ അപാകത മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 1-29 ൽ ചേർത്തിട്ടുണ്ട്.

ഓഡിറ്റോറിയം വാടക ഇനത്തിൽ പഞ്ചായത്തിന് 2022-23 വർഷം 14,300/- രൂപയാണ് വരവുള്ളത്. പ്രതിദിനം 350/- രൂപയാണ് വാടകയായി പഞ്ചായത്ത് ഈടാക്കി വരുന്നത്. വാടകയ്ക്ക് നൽകുന്നതിന് ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ വാടക ഈടാക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ ലഭിച്ച വാടക മീറ്റീങ് പോലുള്ളവയ്ക്ക് ലഭിച്ചതാണെന്നാണ് അറിയാൻ സാധിച്ചത്. കമ്മ്യൂണിറ്റി ഹാളിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിയിട്ടില്ല. വെള്ളം, വൈദ്യുതി ലഭ്യമല്ല. ഓഡിറ്റോറിയം വാടകയ്ക്ക് ലഭിക്കുന്നതിനായി ആവശ്യക്കാർ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഓഡിറ്റോറിയം ഉപയോഗപ്പെടുത്തിയവരിൽ പലരും അപേക്ഷ സമർപ്പിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. കൃത്യമായി അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യപ്പെടേണ്ടതും അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് ബുക്കിംഗ് രജിസ്റ്ററിൽ ബുക്ക് ചെയ്ത തീയതി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഓഡിറ്റോറിയം ബുക്കിംങ്ങ്, തുക അടവാക്കൽ ഓൺലൈനാക്കുകയും വാടകയ്ക്ക് ബുക്കിംഗ് ചെയ്യുമ്പോൾ തന്നെ നിശ്ചിത തുക മുൻകൂർ സ്വീകരിക്കേണ്ടതുമാണ്. ബുക്കിംഗ് കേൻസൽ ചെയ്യുന്നവരിൽ നിന്ന് നിശ്ചിത തുക ഈടാക്കി ബാക്കി മാത്രം തിരികെ നൽകേണ്ടതുമാണ്. ഇപ്രകാരം മുൻകൂർ ഈടാക്കുന്നതിലൂടെ ബുക്കിംഗ് ഏതെങ്കിലും സാഹചര്യത്തിൽ റദ്ദുചെയ്യാൻ ഇടവന്നാൽ ഗ്രാമപഞ്ചായത്തിന് ആ ദിവസത്തേക്ക് ലഭിക്കുമായിരുന്ന ബുക്കിംഗ് നഷ്ടപ്പെടുന്നതും ഇതുവഴി വരുമാന നഷ്ടവും ഉണ്ടാകുന്നതും തടയാൻ സാധിക്കുന്നതാണ്. ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിച്ച് യുക്തിസഹമായ വാടക നിരക്ക് കണക്കാക്കി ബൈലോ തയ്യാറാക്കേണ്ടതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പദ്ധതിയിൻ കീഴിൽ 2022-23 വർഷത്തേക്കുള്ള അനുവദനീയമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കി PMJVK പദ്ധതിക്കായുള്ള ജില്ലാതല സമിതിയുടെ അംഗീകാരത്തോടെ സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.06.2022ലെ 3592/പ്രൊജക്ട് 1/2022/ന്യൂ.ക്ഷേ.ഡ നമ്പർ കത്ത് പ്രകാരം PMJVK സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പദ്ധതി നിർദ്ദേശങ്ങൾ (അനിവാര്യവും സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതും നിലവിൽ ഭൂമി ലഭ്യമായതുമായ ഏതെങ്കിലും ഒരു പദ്ധതി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗം PRICE- സോഫ്റ്റ് വെയറിൽ തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥന്റെ മേലൊപ്പോടെ എല്ലാ രേഖകളും സഹിതം ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശ പ്രകാരം നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ അൺഫിറ്റ് ആണെന്ന് അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി (എൽഐഡി ആൻഡ് ഇഡബ്ല്യൂ) വിഭാഗം സാക്ഷ്യപ്പെടുത്തി കെട്ടിടം പൊളിച്ചുനീക്കാനും പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK)ന് കീഴിൽ കമ്മ്യൂണിറ്റി സർവീസ് സെന്റർ നിർമ്മിക്കാനും ഭരണസമിതി 15.07.2022 86/02-22 പ്രമേയം പാസാക്കിയിട്ടുണ്ട്. കൂടാതെ PMJVK മാർഗ്ഗനിർദ്ദേശ പ്രകാരം ഡാറ്റാ ഷീറ്റ്, ടെക്നിക്കൽ ഡീറ്റെയിൽസ്, സാക്ഷ്യ പത്രങ്ങൾ സഹിതം പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിരുന്നെങ്കിലും ആയത് സ്വീകരിക്കുകയോ ഫണ്ട് ലഭിക്കുകയോ ചെയ്തിട്ടില്ലെന്നാണ് അറിയാൻ സാധിച്ചത്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൊതുജനങ്ങൾക്കുപകാരപ്പെടുന്ന വിധത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

**ലീസ് ഓഫ് ലാൻഡ്**

2022-23 വർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ലീസ് ഓഫ് ലാൻഡ് അഡ്വാൻസ്

ഇനത്തിൽ 10,60,627/- രൂപ വരവുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ജിയോ ഡിജിറ്റൽ ഫൈബർ പ്രകാരം സുഗമ പോർട്ടൽ വഴി റോഡ് കട്ടിംഗ് അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി എസ്റ്റിമേറ്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുകയും മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്കോടി ഗ്രാമപഞ്ചായത്തിലെ അരുമ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ മുതൽ കക്കോടി ചെലപ്രം റോഡ് വരെയുള്ള റോഡ് കട്ടിംഗ് വർക്കിന് അനുമതി ലഭിക്കുന്നതിന് സുഗമ പോർട്ടൽ വഴി നിശ്ചിത തുക അടവാക്കാൻ സെക്രട്ടറി ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ റോഡ് പുനരുദ്ധാരണത്തിനുള്ള തുക, വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ യഥാക്രമം 10,35,810/-, 2,34,360/-, 23,436/- രൂപ പഞ്ചായത്തിന് വരവുള്ളതായി കാണുന്നു. തുടർന്നുള്ള വർഷങ്ങളിലും വാടകയിനത്തിൽ 5% വർദ്ധനവോടുകൂടി 10,60,627/- രൂപ അഡ്വാൻസ് തുക ഈടാക്കിയിട്ടുണ്ട്. റോഡ് റീ സ്റ്റോറേഷൻ ഫീ, റോഡ് കട്ടിംഗ് നടത്തി ജി.ഐ പോളുകൾ സ്ഥാപിക്കുന്നതിനായി ലാൻഡ് ലീസിന് നൽകിയതിനാണ് തുക വരവായി വന്നിട്ടുള്ളത്. പഞ്ചായത്ത് ജിയോ ഡിജിറ്റൽ പ്രൈവറ്റ് ലിമിറ്റഡുമായി കരാറിലേർപ്പെട്ടിട്ടുമുണ്ട്.

**നൂതന പദ്ധതി**

ഗ്രാമപഞ്ചായത്തിന്റെ പ്രാദേശിക / പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് വരവുകൾ ലഭ്യമാക്കുന്നതിന് ടൂറിസം വികസന പദ്ധതി (പ്രൊജക്ട് നം. 40/23- ചെലവ്/അടങ്കൽ 230046/-), ശ്മശാന നിർമ്മാണം (പ്രൊജക്ട് നം. 50/23- ചെലവ്/അടങ്കൽ 900000/-), (പ്രൊജക്ട് നം. 23/23- ചെലവ്/അടങ്കൽ 2934533/-), (പ്രൊജക്ട് നം. 42/23- ചെലവ്/അടങ്കൽ 147431/-), എഫ്.എച്ച്.സി യിൽ സോളാർ പാനൽ സ്ഥാപിക്കൽ- (പ്രൊജക്ട് നം. 192/23- ചെലവ്/അടങ്കൽ 1432200/-) എന്നിവ നടപ്പാക്കി വരുന്നുണ്ട്.

**രജിസ്ട്രേഷൻ ഫീസ്**

1. 1999 ലെ കേരള പഞ്ചായത്ത് രാജ് ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടം 3(2) പ്രകാരം ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 850/- രൂപയാണ് വരവുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം(വകുപ്പ് 269 മുതൽ 271 വരെ) ചട്ടം 3(2) പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന സ്വകാര്യ ആശുപത്രികളും പാരാ മെഡിക്കൽ സ്ഥാപനങ്ങളും 200/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ അടവാക്കി വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ RP4 പ്രകാരം 2022-2023 വർഷത്തിൽ ഈ ഇനത്തിൽ 1,900/- രൂപയാണ് വരവ് വന്നിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീ ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ സർവ്വീസ് ചാർജ് ഈടാക്കാവുന്നതാണ്**

പഞ്ചായത്തിന്റെ പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അത്തരം കെട്ടിടങ്ങളുടെ സംഗതിയിൽ 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതും ഭരണഘടനയുടെ 285-ാം അനുച്ഛേദം അനുസരിച്ച് വസ്തുനികുതി ഉൾപ്പെടെയുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 20ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സർക്കാർ ഇതിലേക്കായി നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. കക്കോടി പഞ്ചായത്തിലെ 2022-23 വർഷത്തെ നികുതി പിരിവ് 100% കൈവരിക്കുന്നതിന് ഡിമാന്റ് നോട്ടീസ് കുടുംബശ്രീ വഴി വിതരണം ചെയ്യുന്നതിനും നവംബർ മുതൽ നികുതി പരിവ് ക്യാമ്പ് നടത്തുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നികുതി ഇളവ് സംബന്ധിച്ചും, നികുതി പിരിവ് അവലോകനം, നികുതി പിരിവ് ത്വരിതപ്പെടുത്തിന്നതിനുള്ള നിർദ്ദേശങ്ങൾ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് അംഗീകാരം നൽകുന്നത് എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച്

ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കണം.

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം.

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

**1-10 ഹഡ്കോ ലോൺ തിരിച്ചടവ് - അധികം തുക കുറവ് ചെയ്തു.**

ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി, കക്കോടി ഗ്രാമപഞ്ചായത്ത് ഹഡ്കോയിൽ നിന്നും 30,56,024/- രൂപ 2019 ൽ വായ്പ എടുത്തിരുന്നു. ഇതിൽ 2019-20 സാമ്പത്തിക വർഷം മുതൽ തുക തിരിച്ചടയ്ക്കുന്നതിനായി വികസന ഫണ്ട് കുറവ് ചെയ്തിട്ടുണ്ട്. വിശദാംശം താഴെ പറയും പ്രകാരമാണ്.

| സാമ്പത്തിക വർഷം | തിരിച്ചടവാക്കാനുള്ള തുക | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|
| 2019-20 | 30,56,024 | 4,55,882 | 26,00,142 |
| 2020-21 | 26,00,142 | 10,69,451 | 15,30,691 |
| 2021-22 | 15,30,691 | 7,62,667 | 7,68,024 |
| 2022-23 | 7,68,024 | 12,36,957 | -4,68,933 |

2022-23 സാമ്പത്തിക വർഷം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള 7,68,084/- രൂപ കുറവ് ചെയ്യുന്നതിന് പകരം 12,36,957/- കുറവ് ചെയ്തതിനാൽ ലഭിക്കാത്ത ലോൺ തുകയ്ക്ക് വികസന ഫണ്ട് 4,68,933 രൂപ അധികം കുറവ് ചെയ്തിട്ടുണ്ട്.

വികസന ഫണ്ട് സ്രോതസ്സിൽ നിന്നും മേൽ പ്രകാരം അധികം കുറവ് ചെയ്ത തുക തിരിച്ച് ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് 14.3.23 ന് എ1-01/2023 നമ്പർ കത്ത് പ്രകാരം ബഹു.ധനകാര്യ ജോയിന്റ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ലഭ്യമായ മറുപടിയിൽ ലൈഫ് മിഷന് വേണ്ടി പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ടിൽ നിന്നും തുക കുറവ് ചെയ്യുന്നതിനുള്ള പ്രപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമാക്കുന്നത് തദ്ദേശസ്വയംഭരണ

വകുപ്പാണെന്നും ലൈഫ് മിഷൻ ഭവന വായ്പ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും അധികമായി തുക ഈടാക്കിയത് സംബന്ധിച്ച അപേക്ഷ പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ അപേക്ഷ തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന വിവരം അറിയിച്ച് കൊണ്ട് 27.10.23 ന് മറുപടി ലഭ്യമായിട്ടുള്ളതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-11 കൃഷി ഓഫീസർ - രസീതി പിരിവിലെ അപാകതകൾ

കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ഞങ്ങളും കൃഷിയിലേക്ക് പച്ചക്കറി വികസന പദ്ധതി (പ്രൊജക്ട് നമ്പർ 133/23), കവുങ്ങിൻ തൈ വിതരണം (പ്രൊജക്ട് നമ്പർ 137/23), പുഷ്പ കൃഷി വികസനം 2022-23 വനിത (പ്രൊജക്ട് നമ്പർ 213/23), ഗ്രോബാഗ് പച്ചക്കറി കൃഷി-വനിത (പ്രൊജക്ട് നമ്പർ 127/23) എന്നീ പദ്ധതകളുടെ നടത്തിപ്പിനായി മാന്വൽ രശീതികൾ ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ രസീതി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 19799 മുതൽ 19803 വരെ, 19805, 19807, 19811, 19813, 19815 എന്നീ രസീതി ബുക്കുകൾ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ടി മാന്വൽ രശീതി ബുക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 19799 നമ്പർ രസീതി ബുക്കിലെ 4 മുതൽ 38 വരെ, 54 മുതൽ 61 വരെ രസീതികളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രമാണ് ഡബിൾ സൈഡ് കാർബൺ വച്ച് എഴുതിയിട്ടുള്ളത്. തീയതി പിന്നീട് ഡബിൾ സൈഡ് കാർബൺ വയ്ക്കാതെ എഴുതി ചേർക്കുകയാണ് ചെയ്തിരിക്കുന്നത്. 62, 63 നമ്പർ രസീതികളിലെ തീയതി 02.11.2022 എന്നത് 03.11.2022 എന്ന് തിരുത്തി എഴുതിയിട്ടുണ്ട്. തീയതി തിരുത്തിയപ്പോൾ ഡബിൾ സൈഡ് കാർബൺ വയ്ക്കാൻ വിട്ടുപോയതിനാൽ പ്രസ്തുത രസീതികളുടെ പിൻ വശത്ത് പതിഞ്ഞിരിക്കുന്ന തീയതി 02.11.2022 എന്നാണെന്ന് വ്യക്തമാണ്. തുടർന്ന് 64 രസീതി എഴുതിയതിലും തീയതി മാത്രം ഡബിൾ സൈഡ് കാർബൺ വയ്ക്കാതെ എഴുതിയതാണെന്ന് കാണാം. 69, 76 മുതൽ 79 വരെ, 94 എന്നീ രസീതികളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക യഥാസമയം അടവാക്കാതെ ദിവസങ്ങളോളം കൈവശം വയ്ക്കുകയും രസീതിയിൽ തീയതി പിന്നീട് എഴുതിച്ചേർക്കുകയും ചെയ്തതാണെന്നും ഇതിൽ നിന്ന് വ്യക്തമാണ്.

2. 19802 നമ്പർ രസീതി ബുക്കിൽ 1 മുതൽ 13 വരെ, 39, 49, 94 മുതൽ 96 വരെ ഡബിൾ സൈഡ് കാർബൺ വച്ച് ഗുണഭോക്താക്കളുടെ വിവരങ്ങൾ മാത്രം രേഖപ്പെടുത്തുകയും തീയതി പിന്നീട് എഴുതി ചേർത്തതിനാൽ ഡബിൾ സൈഡ് കാർബൺ വച്ചല്ല എഴുതിയിട്ടുള്ളത്. 14 മുതൽ 22 വരെ മുഴുവൻ വിവരങ്ങളും ഡബിൾ സൈഡ് കാർബൺ വച്ച് എഴുതിയിട്ടുണ്ടെങ്കിലും തീയതി പിന്നീട് തിരുത്തിയത് കാണാം. ഡബിൾ സൈഡ് കാർബൺ വച്ച് എഴുതിയ തീയതി 04.11.2022 എന്നാണ്. ഇത് പിന്നീട് 05.11.2022 എന്നാക്കി തിരുത്തി എഴുതിയിട്ടുണ്ട്. ടി തിരുത്തൽ വരുത്തിയത് കാർബൺ വയ്ക്കാതെ ആയതിൽ തീയതി പിന്നീട് എഴുതി ചേർത്തിട്ടുള്ളതാണെന്ന് വ്യക്തമാണ്.

3. 19805 നമ്പർ രസീതി ബുക്കിലെ 4 മുതൽ 13 വരെ, 33, 43 മുതൽ 100 വരെ തീയതി രേഖപ്പെടുത്തുന്നതിൽ മേൽ ചൂണ്ടിക്കാട്ടിയ അപാകത ആവർത്തിച്ചിട്ടുണ്ട് (ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെ തീയതി പിന്നീട് എഴുതി ചേർക്കുകയാണ് ചെയ്തിട്ടുള്ളത്). കൂടാതെ രസീതി നമ്പർ 19 മുതൽ 36 വരെയുള്ള തുക 11.11.2022നും 37 മുതൽ 42രസീതി പ്രകാരമുള്ള പണം 14.11.2022നുമാണ് ഗണഭോക്താക്കളിൽ നിന്ന് സ്വീകരിച്ചിട്ടുള്ളത് എന്നാൽ ഈ പണം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത് 19.11.2022നാണ് (3810/- രൂപ രസീതി നമ്പർ 1220105879).

4. 19807 നമ്പർ രസീതി ബുക്കിലെ 1 മുതൽ 16 വരെ, 47, 48, 49 രസീതികളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനൊപ്പം തീയതി രേഖപ്പെടുത്തുന്നില്ല. തീയതി പിന്നീട് ഡബിൾ സൈഡ് കാർബൺ വയ്ക്കാതെ എഴുതി ചേർത്തിട്ടുള്ളതാണ്. 17, 18, 19 രസീതികളിൽ പണം സ്വീകരിച്ച തീയതി 24.11.2022 എന്നത് 05.12.2022 എന്ന് തിരുത്തിയിട്ടുണ്ട്. കൂടാതെ 50 മുതൽ 75 വരെ രസീതികളിൽ

പണം സ്വീകരിച്ച തീയതി 13.01.2023 (ഡബിൾ സൈഡ് കാർബണിൽ പതിഞ്ഞത്) എന്നത് തിരുത്തി 17.01.2023 എന്ന് ചേർത്തിട്ടുണ്ട്. തിരുത്തിയ തീയതി രേഖപ്പെടുത്തുമ്പോൾ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാൻ വിട്ട് പോയിട്ടുണ്ട്. കൂടാതെ 38 മുതൽ 46 വരെയുള്ള രസീതുകൾ ഉപയോഗിച്ച് 12.01.2023നാണ് പണം സ്വീകരിച്ചിട്ടുള്ളത് തുടർന്ന് 47 മുതൽ 100 വരെയുള്ള രസീതികൾ ഉപയോഗിച്ച് 17.01.2023ന് പണം സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നത് 25.01.2023നാണ്.

പല രസീതികളിലും തീയതി രേഖപ്പെടുത്താത്തതിനാൽ പിരിവ് തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കിയോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. കൃഷി ഓഫീസർ ഉപയോഗപ്പെടുത്തിയ മുഴുവൻ രസീതി ബുക്കുകളിലും മുകളിൽ ചേർത്ത അപാകതകൾ ആവർത്തിച്ചിട്ടുണ്ട്.

രസീതുകളിലെ തുകകളിൽ തിരുത്തലോ മാറ്റങ്ങളോ വരുത്താൻ പാടില്ലെന്ന് 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 11(4) ൽ വ്യക്തമാക്കിയിട്ടുണ്ട്. തെറ്റുകൾ സംഭവിച്ച രസീതുകൾ റദ്ദ് ചെയ്യുകയാണ് വേണ്ടത് കൂടാതെ രസീതികൾ മേൽ ചട്ടത്തിലെ ചട്ടം 20(സി)ൽ നിർദ്ദേശിച്ചത് പ്രകാരം ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചല്ല തീയതി എഴുതിയിട്ടുള്ളത്. മേൽ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ട തുക നിയമ വിരുദ്ധമായി കൈവശം വയ്ക്കുന്നതിലൂടെ ഗുരുതര ക്രമക്കേടുകൾ നടക്കാനുള്ള സാധ്യതയുണ്ട്. കൃഷി ഓഫീസറുടെ കാര്യാലയം പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലാണെന്നിരിക്കെ പഞ്ചായത്തിൽ യഥാസമയം തുക അടവാക്കാത്തതിനും രശീതി ബുക്കുകൾ അലക്ഷ്യമായും അശ്രദ്ധമായും കൈകാര്യം ചെയ്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/2022-23 തീയതി 20/11/2023) കൃഷി ഓഫീസർ 23.11.2023ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഒരു ദിവസം തുടർച്ചയായി ഗുണഭോക്തൃ വിഹിതം വാങ്ങുമ്പോൾ ആദ്യത്തെ രസീതിയിൽ മാത്രം തീയതി എഴുതുകയും ബാക്കി തീയതികളെല്ലാം കളക്ഷൻ രജിസ്റ്ററിൽ ചേർക്കുമ്പോൾ മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാലുമാണ് ചില രസീതികളിൽ തീയതി രേഖപ്പെടുത്താൻ വിട്ടുപോയതെന്നും, ഓൺലൈനായി ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ ILGMS ൽ വന്ന സാങ്കേതിക തകരാർ മൂലവും മറ്റുമാണ് അപാകതകൾക്ക് കാരണമെന്നും മേൽ അപാകതകൾ തന്റെ അറിവില്ലായ്മകൊണ്ട് സംഭവിച്ച് പോയതാണെന്നും അപാകതകൾ ആവർത്തിക്കില്ലെന്നുമാണ് മറുപടി. നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി രസീതി കൈകാര്യം ചെയ്യേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 1-12 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ

നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

ക്രമ നമ്പർ 1

| | |
|---|---|
| വാർഡ് നമ്പർ | 8 |
| കെട്ടിട നമ്പർ | 484 A To F |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | സിറാജുദ്ധീൻ, കോടമ്പത്തിൽ, എടക്കര, തലക്കുളത്തൂർ. |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2015 ആദ്യ അർദ്ധ വാർഷികം |
| തറ വിസ്തീർണം: 148.73 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം<br>വഴി: 5 മീറ്ററിൽ കൂടുതൽ | |
| ബാധകമാക്കിയ നികുതി നിരക്ക്<br>50 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 148.73 * 50 = 7437<br>7437 + 1488 = 8925<br>8925 + 447 = 9372/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | 148.73 * 60 = 8924<br>8924 + 1785 = 10709<br>10709 + 536= 11245/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നഷ്ടം | | | | | | | |
|---|---|---|---|---|---|---|---|
| 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
| 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) | 11245 - 9372 = 1873/-<br>( 1784 BT + 89 LC) |
| 2015 മുതൽ 2022 വരെ ആകെ 14984/- രൂപ (14272 BT+ 712/- LC) രൂപ നഷ്ടം | | | | | | | |

ക്രമ നമ്പർ 2

| | |
|---|---|
| വാർഡ് നമ്പർ | 17 |
| കെട്ടിട നമ്പർ | 538 K |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ശ്രീനിവാസൻ നായർ,<br>കോട്ടയിൽ, കക്കോടി |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2014 ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 182 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

വഴി: 1.5 മീറ്ററിൽ കൂടുതൽ

| | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>50 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 182 * 50 = 9100<br>9100 + 455 = 9555/-<br>{അടിസ്ഥാന നികുതി + ലൈബ്രറി സെസ് 5%} | 182 * 60 = 10920<br>10920 + 546 = 11466/-<br>{അടിസ്ഥാന നികുതി + ലൈബ്രറി സെസ് 5%} |

നഷ്ടം

| 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) | 11466 - 9555 = 1911/-<br>(1820 BT+ 91 LC) |

2014 മുതൽ 2022 വരെ ആകെ 17199/- രൂപ (16380 BT+ 819 LC) രൂപ നഷ്ടം

ക്രമ നമ്പർ 3

| | |
|---|---|
| വാർഡ് നമ്പർ | 20 |
| കെട്ടിട നമ്പർ | 258 F |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ഷീബ വിശ്വനാഥൻ,<br>മാധവാലയം, തൊണ്ടയാട്,<br>നെല്ലിക്കോട് |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2020 രണ്ടാം അർദ്ധ വാർഷികം |

തറ വിസ്തീർണം: 674.46 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം

വഴി: 1.5 മീറ്ററിൽ കൂടുതൽ

| | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>50 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 674.46 X 50 = 33723<br>33723 – 3373 = 30350<br>30350 + 1518 = 31868/-<br>{അടിസ്ഥാന നികുതി - മേഖല ഇളവ്: 10%} + ലൈബ്രറി സെസ് 5% | 674.46 X 60 = 40468<br>40468 + 4047 = 36421<br>36421 + 1822 = 38243/-<br>{അടിസ്ഥാന നികുതി - മേഖല ഇളവ്: 10%} + ലൈബ്രറി സെസ് 5% |

നഷ്ടം

| | | |
|---|---|---|
| 2020 രണ്ടാം അർദ്ധ വാർഷികം | 2021-22 | 2022-23 |
| 38243 - 31868 = 6375/-<br>6375/2 = 3188/-<br>( 3036 BT + 152 LC ) | 38243 - 31868 = 6375/-<br>( 6071 BT + 304 LC ) | 38243 - 31868 = 6375/-<br>( 6071 BT + 304 LC ) |
| 2020 രണ്ടാം അർദ്ധ വർഷം മുതൽ 2022 വരെ ആകെ 15938/- രൂപ (15178 BT+ 760 LC) രൂപ നഷ്ടം | | |

ക്രമ നമ്പർ 4

| | |
|---|---|
| വാർഡ് നമ്പർ | 16 |
| കെട്ടിട നമ്പർ | 922 B To G |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | കെ.എം. ഹാരിസ്സ്,<br>കാഞ്ഞിരമണ്ണിൽ, കക്കോടി - 673611 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2014 രണ്ടാം അർദ്ധ വാർഷികം |

| | |
|---|---|
| തറ വിസ്തീർണം: 128 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം<br>വഴി: 5 മീറ്ററിൽ കൂടുതൽ | |
| ബാധകമാക്കിയ നികുതി നിരക്ക്<br>50 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 128 X 50 = 6400<br>6400 + 1280 = 7680<br>7680 + 384 = 8064/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%} + ലൈബ്രറി സെസ് 5% | 128 X 60 = 7680<br>7680 + 1536 = 9216<br>9216 + 461 = 9677/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നഷ്ടം | | | | | | | | |
|---|---|---|---|---|---|---|---|---|
| 2014 രണ്ടാം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| അർദ്ധ വാർഷികം | | | | | | | | |
| 9677 - 8064 =1613/- 1613/2 = 807 (768 BT+ 39 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) | 9677 - 8064 =1613/- (1536 BT+ 77 LC) |
| 2014 രണ്ടാം അർദ്ധ വർഷം മുതൽ 2022 വരെ ആകെ 13711/- രൂപ (13056 BT+ 655 LC) രൂപ നഷ്ടം | | | | | | | | |

2022-23 സാമ്പത്തിക വർഷം വരെയുള്ള നികുതി നഷ്ടമാണ് മുകളിലെ പട്ടികകളിൽ ചേർത്തിട്ടുള്ളത്. തുടർന്നുള്ള വർഷത്തിലും ഇത്തരത്തിൽ തന്നെയാണ് നികുതി ഈടാക്കിയിട്ടുള്ളത് ആയതിനെ തുടർന്നുണ്ടായ നഷ്ടം കെട്ടിടയുടമയിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ തെറ്റായി നികുതി കണക്കാക്കിയ മറ്റു കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർ നിർണ്ണക്കേണ്ടതും പഞ്ചായത്തിന് നഷ്ടം വന്ന തുക ഈടാക്കേണ്ടതുമാണ്.

**1-13 തൊഴിലുറപ്പ് പദ്ധതി - ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയേക്കാൾ കൂടുതൽ അനുവദിച്ചു. അധിക ചെലവ് - 79,672/- രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടച്ചു.**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് കോൺക്രീറ്റ് പ്രവർത്തി ഏറ്റെടുക്കുന്നതിലൂടെ ജനങ്ങളുടെ സഞ്ചാര സൗകര്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി എസ്റ്റിമേറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയതിന് കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ നൽകിയതിനാൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പദ്ധതി വിശദാംശം ചുവടെ ചേർക്കുന്നു.

| മെറ്റീരിയൽ വർക്കിന്റെ പേരും, വർക്ക് കോഡും | ഒറ്റതെങ്ങ് ഫീൽഡ് ബോത്തി - വെളുത്തേടത്ത് താഴം റോഡ് കോൺക്രീറ്റിംഗ് - വാർഡ് -20 1604002002/RC /332830 | കുളത്തുംപുറത്ത് മലയിൽ റോഡ് കോൺക്രീറ്റിംഗ് Reach I- വാർഡ് 2 1604002002/RC /333268 | കുളത്തുംപുറത്ത് മലയിൽ റോഡ് കോൺക്രീറ്റിംഗ് Reach 2- വാർഡ് 2 1604002002/RC /333270 |
|---|---|---|---|
| എസ്റ്റിമേറ്റ് തുക | 4,48,181/- | 4,78,000/- | 4,70,000/- |
| ആകെ ചെലവ് | 4,09,827/- | 4,60,964/- | 4,54,813/- |

| | | | |
|---|---|---|---|
| കരാർ തുക (മെറ്റീരിയൽ വർക്ക്) | 2,77,401/- | 3,30,319.8/- | 3,57,846/- |
| കരാറുകാരന്റെ പേര് | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY |
| കരാറുകാരന് അനുവദിച്ച തുക | 3,13,864.80/ എം ബുക്ക് 237/21-22 – പേജ് - 22 | 3,69,614/- എം ബുക്ക് 344/ 21-22- പേജ് -15 | 3,61,760/- എം ബുക്ക് 346/ 21-22-പേജ് -15 |
| FTO നമ്പർ/ ബിൽ നമ്പർ | 332830/14 /11/2022 | 333268/10 /10/23 | 333270/10 /10/23 |
| അധികം നൽകിയ തുക | 36,464/- | 39,294/- | 3,914/- |

കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്ത തുകയിൽ പരിമിതപ്പെടുത്താതെ നൽകിയതിനാൽ 79,672/- രൂപ അധികചെലവ് വന്നു. മെറ്റീരിയൽ വർക്കിന്റെ ടെണ്ടർ ഓരോ വർക്കിനും, പ്രത്യേകം ടെണ്ടറുകളായാണ് സ്വീകരിക്കുന്നത്. ഒരു വർഷത്തെ മൊത്തം ആവശ്യകത മുൻനിർത്തി ടെണ്ടർ നടപടി സ്വീകരിക്കാത്തതിനാൽ ഈ ഇനത്തിൽ അധിക ചെലവ് വരുന്നതിന് കാരണമാകുന്നതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (13/2022-23/ 23/11/2023) ക്ക് മേൽ പ്രവൃത്തികളിൽ അധികം നൽകിയ 79,672/- രൂപ കോൺട്രാക്ടർ രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY എന്നവർ 24.11.2023 ലെ 1230301905 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ തിരിച്ചടവാക്കി രസീത് സഹിതം അസിസ്റ്റന്റ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കിനായി കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമായ തുക ആയതിനാൽ ചെലവ് വന്ന ഹെഡിൽ തുക തിരിച്ചടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും, ഒരു വർഷത്തെ മൊത്തം ആവശ്യകത മുൻനിർത്തി ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-14 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുകയുള്ള മെറ്റീരിയൽ വർക്കിൽ സ്രോതസ്സിൽ നിന്ന് ടി.ഡി.എസ് ഈടാക്കിയതിൽ കുറവ് .**

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലെയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ആയി ഈടാക്കി ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം അടവാക്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ മെറ്റീരിയൽ വർക്കിനായി ചെലവഴിച്ച തുക കണക്കാതെ എം.എൻ.ആർ.ഇ.ജി.എ യുടെ സോഫ്റ്റ് വെയറിൽ പ്രസ്തുത ദിവസങ്ങളിൽ കാണിച്ച തുക കണക്കാക്കി 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ഈടാക്കിയതിനാൽ ജി.എസ്.റ്റി-റ്റി.ഡി.എസ് ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 2.5 ലക്ഷം രൂപയ്ക്ക് മുളിൽ കരാർ തുകയുള്ള മെറ്റീരിയൽ വർക്കിന്റെ പേരും, വർക്ക് കോഡും | കരാർ തുക | കരാറുകാരന്റെ പേര് | എം ബുക്ക് പ്രകാരം മെറ്റീരിയലിനായി ചെലവായ തുക/ കരാറുകാരന് അനുവദിച്ച തുക | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി (1+1=2%) | ഈടാക്കിയ ജി.എസ്.ടി/ രസീത് നമ്പർ | വ്യത്യാസം |
|---|---|---|---|---|---|---|
| താപ്പള്ളി റോഡ്-വാർഡ് 11 - 1604002002/RC /359115 | 380950 | അജിത്ത് കെ.പി | 379018 (എം ബുക്ക് 27/21-22 പേജ്- 14) | 7580 | 6560 (തുക -32799) | 1020 |
| മണാട്ട്താഴം -വടക്കേടത്ത് മീത്തൽ റോഡ് കോൺക്രീറ്റിംഗ് -1604002002/RC /334692 | 298205.38 | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | 298182 (എം ബുക്ക് 215/21-22 പേജ്- 12) | 5964 | 5252-1230301725/ 15.11.23 (തുക 262625) | 712 |
| പൂരങ്ങോട്ടുമ്മൽ റോഡ് കോൺക്രീറ്റ് വാർഡ് 5 -1604002002/RC /282504 | 380441.97 | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | 380381.50(എം ബുക്ക് 361/21-22 പേജ്- 15) | 7608 | 6956 1230301725/ 15.11.23 (തുക347808) | 652 |
| CVN കളരി റോഡ് കോൺക്രീറ്റിംഗ് വാർഡ് 20 1604002002/RC /330824 | 310916.80 | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | 310843(എം ബുക്ക് 396/21-22 പേജ്- 11) | 6217 | 5476 1230301725/15.11.23 തുക -273780) | 741 |
| നെല്ലിക്കാട്ടിൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 1604002002/RC /332847 | 272513.7 | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | 272440 (എം ബുക്ക് 243/21-22 പേജ്- 15) | 5449 | 4834 1230301725/ 15.11.23 തുക -184515) | 615 |
| ഒറ്റതെങ്ങ് ഫീൽഡ് ബോത്തി - | 277401/- | രബീഷ് ബി.പി SBOSS | 313864.80 എം ബുക്ക് | 6277 | 4834 1230301725/ | 1443 |

| | | | | | | |
|---|---|---|---|---|---|---|
| വെളൂത്തേടത്ത് താഴം റോഡ് കോൺക്രീറ്റിംഗ് - വാർഡ് -20 1604002002/RC /332830 | | CONSTRUCTION AND CONSULTANCY | 237/21-22 – പേജ് - 22 | | 15.11.23 തുക -275665) | |
| തട്ടാരക്കൽ റോഡ് കോൺക്രീറ്റിംഗ -വാർഡ് -6, റീച്ച് 1 1604002002/RC /335562 | 266262 | Kuruvattoor Agriculturist Social Welfare Co-operative Society Ltd.No:D 3272 | 266166.10 എം ബുക്ക് 214/21-22 – പേജ് - 14 | 5323 | 4870 1230301738/ 16.11.23- തുക- 243462) | 453 |
| തട്ടാരക്കൽ റോഡ് കോൺക്രീറ്റിംഗ് - വാർഡ് -6 ,റീച്ച് 2 1604002002/RC /335567 | 110107 | Kuruvattoor Agriculturist Social Welfare Co-operative Society Ltd.No:D 3272 | 110106.60 എം ബുക്ക് 218/21-22 – പേജ് - 9 | 2202 | 1940 1230301738/ 16.11.23- തുക- 96972) | 262 |
| എളേടത്ത് തൈക്കണ്ടി റോഡ് കോൺക്രീറ്റിംഗ് - വാർഡ് - 15 1604002002/RC /330787 | 301453.9 | റിജു.എം.വി | 301443.89 എം ബുക്ക് 227/21-22 – പേജ് - 17 | 6029 | 5530 1230102517/ 1.8.23 തുക- 276473) | 499 |
| എടക്കണ്ടി മൂത്തേടത്ത് കുഴി റോഡ് കോൺക്രീറ്റിംഗ് - വാർഡ് -15 1604002002/RC /330786 | 213239.80 | റിജു.എം.വി സുദേവൻ കൺസ്ട്രക്ഷൻ | 213184.92 എം ബുക്ക് 233/21-22 – പേജ് - 12 | 4264 | 3888 1230102517/ 1.8.23 തുക- 194435) | 376 |
| കൊലവൻകാവ് ഫുട്പാത്ത് കോൺക്രീറ്റിംഗ് - വാർഡ് -8 1604002002/RC /330822 | 185667.80 | രബീഷ് ബി.പി SBOSS CONSTRUCTION AND CONSULTANCY | 185383.35 എം ബുക്ക് 239/21-22 – പേജ് - 13 | 3708 | 3298 1230301725/ 15.11.23 തുക- 164850) | 410 |
| എരക്കളം കനാൽ പെരിഞ്ചിലമല റോഡ് കോൺക്രീറ്റിംഗ് -വാർഡ് -8 1604002002/RC /330821 | 360599.2 | റിജു.എം.വി സുദേവൻ കൺസ്ട്രക്ഷന് | 360482.39 എം ബുക്ക് 230/21-22 – പേജ് - 12 | 7210 | 6576 1230102517/ 1.8.23 തുക- 328788) | 634 |
| ക്ലടത്തിങ്കൽ പാത്ത് വേ കോൺക്രീറ്റിംഗ് - വാർഡ് -10 1604002002/RC | 270225.8 | അജിത്ത്.കെ.പി | 268665.19 എം ബുക്ക് 272/21-22 – പേജ് - 13 | 5373 | 4666 1230301739/ 16.11.23 തുക- 233342) | 707 |

| | | | | | | |
|---|---|---|---|---|---|---|
| /348926 | | | | | | |
| ചെരുപ്പം കണ്ടി റോഡ് കോൺക്രീറ്റിംഗ് - വാർഡ് -14 1604002002/RC /359500 | 372412.10 | മണി.കെ | 372020.01 എം ബുക്ക് 319/21-22 – പേജ് - 12 | 7440 | 6680 1230102973/ 24.8.23 തുക- 333930) | 760 |
| | | | | | | 9284/- |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കരാറുകാർ മേൽ പരാമർശിച്ച ബില്ലുകൾ ഉൾപ്പെടുത്തി ജി.എസ്.ടി ഫയൽ ചെയ്തു എന്നത് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും , അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി( 15/2022-23/ 23/11/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് മേൽ പ്രതിപാദിച്ച പ്രകാരം വിവിധ പദ്ധതികളിൽ കുറവായി ഈടാക്കിയ ടി.ഡി.എസ് ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തിക്ക് ഫോംവർക്കിനുള്ള നിരക്ക് അനുവദിച്ചതിനാൽ അധികചെലവ് - 3288 /- രൂപ

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണത്തിൽ കോൺക്രീറ്റിനായി പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ മോർഡിലെ 3.5.1, 11.4.1.1, 11.4.2.1, 75.8.1.1A,11.4.4,11.8 എന്നിവയാണ്. ഇതിൽ ഡ്രൈനിന്റെ ബെഡ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഐറ്റം 11.4.1.1 ആണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയ പ്രോജക്ട് ഫയൽ 109/23 പരിശോധിച്ചതിൽ ഐറ്റം 3.5.1 പ്രകാരം മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ഡ്രൈൻ ബെഡ് കോൺക്രീറ്റ് നടന്നിട്ടുള്ളത്. അതുകൊണ്ടു തന്നെ ഈ പ്രവൃത്തികളിലൊന്നും ഫോംവർക്കിന്റെ ആവശ്യകത വേണ്ടി വന്നിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറ്റം 11.4.1.1 ന്റെ നിരക്കിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിലും ഫോംവർക്കിനുള്ള നിരക്കുൾപ്പെടും വിധമുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല. വിശദാംശങ്ങൾക്ക് 3-2 കാണുക.

## 1-16 ടേക്ക് - എ ബ്രേക്ക് നടത്തിപ്പ് - തുടർനടപടികൾ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫീഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

കക്കോടി ഗ്രാമപഞ്ചായത്തിൽ ഇതിന്റെയടിസ്ഥാനത്തിൽ 2021-22 വർഷത്തിൽ 2 പദ്ധതികൾ

വിഭാവനം ചെയ്ത് ആകെ 34,50,000/- രൂപ വകയിരുത്തിയതിൽ 33,54,971/- രൂപ ചെലവഴിച്ച് 2 ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും, പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടത്തിനോട് ചേർന്നുള്ള ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടാക്സിസ്റ്റാന്റിൽ തന്നെയാണ് ഒരു ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. രണ്ടാമത്തേത് ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലെ ചെറുകുളം ബസാറിലെ ആധുനിക ടോയ് ലെറ്റിന്റെ നിർമ്മാണം എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ള്യൂ.ഡി യുടെ ഉടമസ്ഥതയിലുള്ള 38/4 നമ്പർ റീസർവ്വേയിലുള്ള 3 സെന്റ് സ്ഥലത്താണ് പൂർത്തീകരിച്ചിട്ടുള്ളത്.

16.10.2021 തീയതിയിലെ ഭരണസമിതി തീരുമാനം 124/21 പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്ത് നിർമ്മിച്ചിട്ടുള്ള ആധുനിക ടോയ്ലെറ്റിന്റെ നടത്തിപ്പിനായി സെക്രട്ടറി ഒന്നാം കക്ഷിയായും 8 എ .ഡി.എസിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് / സെക്രട്ടറി (ശ്രീമതി റൂബീന, ശ്രീമതി പ്രജിത) രണ്ടാം കക്ഷിയായും 2022 ആഗസ്റ്റ് മാസം 1-ാം തീയതിയിലും, ചെറുകുളത്തെ ആധുനിക ടോയ്ലെറ്റിന്റെ നടത്തിപ്പിനായി സെക്രട്ടറി ഒന്നാം കക്ഷിയായും 8-ാം വാർഡിലെ ജനകീയ കുടുംബശ്രീയെ പ്രതിനിധീകരിച്ച് സബിത,ഗീത, പ്രീത എന്നിവർ രണ്ടാം കക്ഷിയായും 2023 ജനവരി മാസം 16-ാം തീയതിയിലും നടത്തിപ്പിനായി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തന സമയം രാവിലെ 6 മുതൽ വൈകീട്ട് 9 വരെയായി നിശ്ചയിക്കുകയും, യൂറിനൽ ഉപയോഗിക്കുന്നതിന് 2 രൂപയും, ടോയ്ലെറ്റ് 5 രൂപയും ഈടാക്കുന്നതിനും കരാറിൽ നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.

കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം /ടോയ്ലറ്റ് എന്നിവയുടെ ഉപയോഗത്തിൽ നിന്നും ലഭിക്കുന്ന വരുമാനം കംഫർട്ട് സ്റ്റേഷൻ ശുചീകരണത്തിനുള്ള സാധനങ്ങൾ വാങ്ങുന്നതിനും, വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനും മറ്റ് ദൈനംദിന ചെലവുകൾ വഹിക്കുന്നതിനും ചെലവഴിക്കേണ്ടതാണ്. കൂടാതെ ഇതിൽ നിന്ന് മിച്ചം വരുന്ന തുക നടത്തിപ്പുകാർക്ക് എടുക്കാവുന്നതുമാണ്. (പഞ്ചായത്തിൽ നിന്നും ടി ഇനത്തിൽ സ്ഥാപനത്തിനായി യാതൊരു തുകയും നൽകുന്നതല്ല), പഞ്ചായത്തിൽ നിന്നും ആരോഗ്യ വകുപ്പിൽ നിന്നും നടത്തുന്ന പരിശോധനകളുമായി സഹകരിക്കേണ്ടതാണെന്നും, പുതിയ സംരംഭം എന്ന നിലയിലും ടേക്ക് എ ബ്രേക്കിന്റെ തുടക്കം എന്ന നിലയിലും 2023 ഡിസംബർ 31 വരെ പ്രവർത്തിക്കുന്നതിന് ടി കരാർ ഉടമ്പടി പ്രകാരം അനുമതി നൽകാനും പ്രവർത്തനമികവും വരുമാനവും നോക്കി തുടർ അനുമതി പരിഗണിക്കുന്നതുമാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. ജില്ലാ കലക്ടറുടെ DCKKD/7572/2020 – L1 ഉത്തരവ് പ്രകാരം വിട്ടുകിട്ടിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ഡബ്ള്യൂ.ഡി യുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 38/4 ലുള്ള 3 സെന്റ് സ്ഥലം മേൽ പദ്ധതിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്താണ് നൽകിയിട്ടുള്ളതാണെന്നും. ആയതിനാൽ ഭൂമി അനുവദിക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ ഭൂമി ലീസിന്/ ഭൂമി വിലയ്ക്ക് വാങ്ങൽ പദ്ധതികൾ പ്രകാരം ഈ ഉത്തരവ് തീയതിമുതൽ 6 മാസത്തിനകം റവന്യൂ വകുപ്പിന്റെ നിലവിലെ ഉത്തരവ് പ്രകാരം ക്രമവത്ക്കരിക്കേണ്ടതാണെന്ന് ജില്ലാ കലക്ടറുടെ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി ക്രമവത്ക്കരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ടേക്ക് എ ബ്രേക്ക് സംബന്ധിച്ച ബൈലോ തയ്യാറാക്കുന്നതിനെടുത്ത നടപടി വിവരവും ലഭ്യമല്ല

2. ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപത്ത് നിർമ്മിച്ചിട്ടുള്ള ആധുനിക ടോയ് ലെറ്റിന്റെ നടത്തിപ്പിനായി കേരള ബാങ്കിന്റെ കക്കോടി ബ്രാഞ്ചിൽ ജോയിന്റ് അക്കൗണ്ടായി 163012801200017 നമ്പർ അക്കൗണ്ട് 15/12/2022 ലും, ചേളന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ CHLN0002101010607 നമ്പർ അക്കൗണ്ടും ആരംഭിച്ച് ട്രാൻസാക്ഷൻ നടത്തുന്നുണ്ട്. 23.11.2023 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ നടത്തിപ്പ് തൃപ്തികരമായിനടക്കുന്നുണ്ട്. ടേക്ക് എ ബ്രേക്കിന്റെ വലതുവശത്തായി ട്രസ്സ് വർക്ക് ചെയ്ത് ഷീറ്റിട്ട് അടുക്കളയായി ഉപയോഗിക്കുന്നുണ്ട് എന്നാൽ ഗ്രാമപഞ്ചായത്ത് ചെയ്ത വർക്കിൽ ഇത് ഉൾപ്പെടുന്നില്ല. നടത്തിപ്പുകാർ സി.ഡി.എസിൽ നിന്നും സംരംഭകർക്കുള്ള 1,50,000/-രൂപ ലഭ്യമാക്കിയാണ് ഈ പ്രവർത്തി നടത്തിയിട്ടുള്ളത് എന്നാണ് നേരിൽ

അറിയിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അനുവാദം വാങ്ങിയാണ് പ്രസ്തുത പദ്ധതി ചെയ്തത് എന്നാണ് ടേക്ക് എ ബ്രേക്ക് പദ്ധതി നടത്തിപ്പുകാർ നേരിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തി ചെയ്തതിന് അനുവാദം നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

3.ചെറുകുളം ബസാറിലെ ആധുനിക ടോയ്ലെറ്റിന്റെ പ്രവർത്തനം നടക്കുന്നുണ്ടെങ്കിലും ടോയ്ലെറ്റുകൾ നിർമ്മിച്ചതിൽ സ്ത്രീകൾക്കായി നിർമ്മിച്ച ടോയ്ലെറ്റിനോട് ചേർന്ന ഫീഡിംഗ് റൂം, സ്നാക്ക്സ് കോർണറും കഫ്റ്റീരിയ നടത്തിപ്പുകാർ സാധനങ്ങൾ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന രീതിയിലാണുള്ളത്. കൂടാതെ മുറ്റത്ത് ടാർപോളീൻ വലിച്ച് കെട്ടി പുറകുവശത്തായിട്ടാണ് പാചകം നടത്തുന്നത്. അതുകൊണ്ട് തന്നെ പൊതുജനങ്ങൾ വരുന്നത് കൃത്യമായി ശ്രദ്ധിക്കുന്നതിന് നടത്തിപ്പുകാർക്ക് സാധിക്കാതെ മിക്കവാറും സ്ഥാപനം പൂട്ടിക്കിടക്കുന്നതിനാൽ ടോയ്ലെറ്റ് സൗകര്യം ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്ന് സ്ഥലപരിശോധനവേളയിൽ ടാക്സി ഡ്രൈവർമാർ പരാതി പറഞ്ഞു. നത്തിപ്പുകാർ 2 മാസത്തെ കണക്കുകൾ മാത്രമാണ് തയ്യാറാക്കി ഹാജരാക്കിയിട്ടുള്ളത് മുൻമാസങ്ങളിലെ കണക്ക് എഴുതി സൂക്ഷിച്ച പുസ്തകം മഴവെള്ളം വീണ് നശിച്ച് പോയെന്നും, ടോയ്ലെറ്റ് ഉപയോഗത്തിന് 10 രൂപയിൽ കൂടുതൽ കിട്ടുന്നില്ലെന്നുമാണ് നടത്തിപ്പുകാർ നേരിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ നടത്തിപ്പുകാർ വരവ് ചെലവ് കണക്കുകൾ ക്രമീകരിക്കുന്നതിനായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരവുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ടേക്ക് എ ബ്രേക്കിനായി വിട്ടുകിട്ടിയ ഭൂമി ക്രമവത്ക്കരിക്കുന്നതിനും, ബൈലോ തയ്യാറാക്കുന്നതിനും കൂടാതെ മേൽ പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറി ( 14/2022-23/23/11/2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതും ചെറുകുളം ബസാറിലെ ടേക്ക് എ ബ്രേക്ക് പദ്ധതി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-17 നെല്ലുവയൽ പായപ്പള്ളി തോട് പുനരുദ്ധാരണം - പദ്ധതി സമഗ്രമല്ല

നെല്ലുവയൽ പായപ്പള്ളി തോട് പുനരുദ്ധാരണം പദ്ധതിയ്ക്കായി ശരാശരി 100 മീറ്റർ നീളത്തിലും 1 മീറ്റർ വീതിയിലും തോട്ടിനുള്ളിൽ കൽപ്പണിക്ക് പുറമെ രണ്ട് സൈഡിലും കോൺക്രീറ്റ് ഭിത്തി നിർമ്മിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 39/23 |
| പ്രോജക്ടിന്റെ പേര് | നെല്ലുവയൽ പയ്യപ്പള്ളി തോട് പുനരുദ്ധാരണം |
| അടങ്കൽ | 14,73,000/- |
| ചെലവ് | 14,69,101/- |
| ബിൽ സാങ്ഷൻ നമ്പർ | 51/21/07/2023 തുക - 14,69,101/- |

23.11.2023 ന് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത തോടിന്റെ ഇരുവശത്തും വീടുകളുള്ളതായും, പ്രസ്തുത തോടിന് കവറിംഗ് സ്ലാബ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നിർമ്മിക്കാത്തിനാൽ പ്രദേശവാസികൾക്ക് അടുത്തവീടുകളിലേക്ക് പോകുന്നതിന് ബുദ്ധിമുട്ട് ഉള്ളതായും, കൊതുക് ശല്യം വർദ്ധിക്കുന്നതായും നേരിൽ അറിയിച്ചിട്ടുണ്ട്. തുടർ വർഷം നെല്ലുവയൽ പയ്യപ്പള്ളി തോടിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും കവറിംഗ് സ്ലാബ് ചെയ്യുന്നതിനല്ല പദ്ധതി വിഭാവനം ചെയ്തത് എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനാൽ തന്നെ ഗ്രാമസഭയിലൂടെ ഉയർന്നു വരുന്ന ആവശ്യങ്ങളല്ല

പദ്ധതികളായി വരുന്നത് എന്ന് വ്യക്തമാകുന്നു. കവറിംഗ് സ്ലാബ് ചെയ്യുന്നതിനുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 23/2022-23/24/11/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷം കവറിംഗ് സ്ലാബ് ചെയ്യുന്നതിനുള്ള ഇനങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതി സമഗ്രമായി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തുടർനടപടികൾഅറിയിക്കേണ്ടതുമാണ്.

## 1-18 ക്വട്ടേഷൻ നിരക്കിലും വ്യത്യസ്തമായി തുക നൽകി

പ്രൊജക്റ്റ് നം:- 158/23. സുസ്ഥിര വികസനലക്ഷ്യം

ചെലവ് തുക:- 42980/- (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ :- മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ വാഹനവാടക, ആരോഗ്യ ജാഗ്രതാപ്രവർത്തനങ്ങളുടെ വാഹനവാടക, അനുബന്ധ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായുള്ള മേൽ പദ്ധതി നടത്തിപ്പിനുവേണ്ടി 04.03.2022 തിയ്യതിയിൽ 128/2022(2) ആയി വാഹനങ്ങൾ ദിവസ വേതനടിസ്ഥാനത്തിൽ നൽകാൻ ക്വട്ടേഷൻ ക്ഷണിക്കുകയും, ലഭിച്ച മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് (ദിവസ വാടക 1000/- രൂപ) രേഖപ്പെടുത്തിയ നിധീഷ് എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കിലോമീറ്റർ ചാർജ്ജ്, വെയ്റ്റിംഗ് ചാർജ്ജ് എന്നിവ തരംതിരിച്ച് ഉൾപ്പെടുത്തിയ ചാർജ്ജാണ് ക്വട്ടേഷനിൽ കാണിക്കേണ്ടതെന്ന് ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിരുന്നെങ്കിലും ദിവസവാടക 1000/- രൂപ എന്ന് മാത്രമാണ് അംഗീകരിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം ദിവസം 1000/- രൂപയാണ് വാഹന വാടക നൽകേണ്ടിയിരുന്നതെങ്കിലും ചില ദിവസങ്ങളിൽ ആയിരം രൂപയിൽ കുറവും, ആയിരത്തിൽ അധികരിച്ചും തുക നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നിരക്കിലും അധികമായി തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---|
| 17.08.2022 | 1600 |
| 25.08.2022 | 1100 |
| 14.07.2022 | 1600 |
| 11.01.2023 | 1100 |
| 17.01.2023 | 2000 |
| 20.02.2023 | 2100 |
| 25.02.2023 | 2000 |

ക്വട്ടേഷൻ നിരക്കിനേക്കാൾ കുറവ് തുക നൽകിയതിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---|
| 11.08.2022 | 600 |
| 05.10.2022 | 800 |
| 30.08.2022 | 800 |
| 15.10.2022 | 700 |

3)ട്രിപ്പ് ഷീറ്റിൽ, ട്രിപ്പിന് ഓടിയ കിലോമീറ്റർ, താമസം ഉണ്ടെങ്കിൽ ആയത്, എന്നിവയൊന്നും രേഖപ്പെടുത്തുകയോ,ക്വട്ടേഷൻ നിരക്കിൽ നിന്നും വ്യത്യസ്തമായി തുക നൽകുന്നതിനുള്ള കാരണം വിശദീകരിക്കുകയോ ചെയ്തിട്ടില്ല.

ക്വട്ടേഷന് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.16) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 1-19 തുക നൽകിയതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) നിർവ്വഹണം നടത്തിയ പെയിൻ & പാലിയേറ്റീവ് പദ്ധതി (നം. 18/2023) പ്രകാരം തുക ചെലവഴിച്ച 10.10.2022 ലെ വികസനഫണ്ട് (ജനറൽ) ഇനത്തിലെ 43,430/-രൂപയുടെ ബില്ലിൽ (ബിൽ നം. 113) നിന്നും എൻ.കെ.ധർമ്മജൻ (ഹോട്ടൽ രതീഭ) എന്നവർക്ക് 5,050/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പമുള്ള വൗച്ചറിൽ തിയ്യതി,തുക എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാലിയേറ്റീവിന്റെ ദൈനം ദിന ചെലവുകൾക്ക് 500 രൂപയിൽ താഴെ മാത്രമാണ് ഓഡിറ്റ് വർഷം ശരാശരി ചെലവ് വന്നിട്ടുള്ളത്. എന്നാൽ മേൽ കാണിച്ച തുക ചെലവഴിക്കുന്ന തിയ്യതിയിൽ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട മറ്റെന്തെങ്കിലും പ്രവൃത്തികൾ നടന്നതായുള്ള രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിച്ചതിന് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-20 ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണം നടത്തുന്ന ലൈഫ് ഭവനപദ്ധതി(എസ്.സി)യുമായി ബന്ധപ്പെട്ട് സൂക്ഷിച്ചുവരുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 2020-21 വർഷത്തിലെ ലൈഫ് ഭവനപദ്ധതി എസ്.സി. അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി. ഗോപിക.കെ, W/o അജേഷ്, വളറാട് കുന്നമ്മൽ എന്നവർക്ക് പ്രോജക്ട് നമ്പർ 156/21 ലൈഫ് ഭവനപദ്ധതി (എസ്.സി) പ്രകാരം ആദ്യ ഗഡു തുകയായി 40,000/- രൂപ നൽകിയിട്ടുണ്ട് (Bill Reference No. 201603520238011666623/27.02.2021). എന്നാൽ ആദ്യഗഡു ആയി ലഭിച്ചിട്ടുള്ള തുകയ്ക്കുള്ള പ്രവൃത്തികൾ ഓഡിറ്റ് തിയ്യതി വരെയും ഈ ഗുണഭോക്താവ് നടത്തിയിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. തുക മുൻകൂറായി നൽകിയിട്ടും ഗുണഭോക്താവ് പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണവും, ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങളും അറിയിക്കേണ്ടതാണ്.

### 1-21 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 164/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം പദ്ധതി -വനിത. |
| അടങ്കൽ | 825000 (412500 വികസനഫണ്ട് ജനറൽ + 412500 മറ്റുള്ളവ ) |
| ചെലവ് | 412500(വികസന ഫണ്ട് ജനറൽ) |
| ബിൽ സാങ്ഷൻ നം/തീയതി | 258/23-1-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4 - 6 മാസം വരെ പ്രായമുള്ള 33 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 33 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 33 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെയുള്ള വികസന ഫണ്ടിൽ നിന്നും 41,2,500/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസി.ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. അസി.ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം ഏപ്രിൽ മാസം 2023 ന് ആരംഭിച്ച പദ്ധതി പ്രകാരം ഒക്ടോബർ മാസം 2023 വരെ 2,15,784 രൂപ ചെലവഴിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ്, ഒറ്റതെങ്ങ് ക്ഷീരസഹകരണ സംഘം സൂക്ഷിച്ച വ്യക്തിഗത നാൾവഴി എന്നിവ പ്രകാരം അസ്മാബി അകവയൽ എന്ന ഗുണഭോക്താവ് ആഗസ്റ്റ് മാസം 2023 വരെ മാത്രം തന്റെ കന്നുകുട്ടിക്കുള്ള തീറ്റ വാങ്ങിയ ശേഷം കന്നുകുട്ടി പരിപാലന പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി കണ്ടു. ടിയാരിയുടെ കന്നു കുട്ടി മരണപ്പെട്ടു പോയതായി വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ടിയാരിയുടെ കന്നുകുട്ടിക്കുവേണ്ടി അടവാക്കിയ തുകയും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും മുഴുവൻ തുകയുടേയും വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. അതുവരെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത 1,96,716 രൂപയുടെ (412500-215784) ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

**1-22 പോത്തു കുട്ടികളെ ഇൻഷ്വർ ചെയ്ത രേഖകൾ ലഭ്യമല്ല.**

| | |
|---|---|
| പ്രൊജക്ട് നമ്പർ | 165/23 |
| പ്രോജക്ടിന്റെ പേര് | പോത്തുകുട്ടി വിതരണം -വനിത. |
| അടങ്കൽ | 960000(480000 വികസനഫണ്ട് ജനറൽ + 480000 ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 832000(416000 വികസനഫണ്ട് ജനറൽ+ 416000 ഗുണഭോക്തൃ വിഹിതം ) |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം ഒരു പോത്തിന് 16,000 രൂപ യൂണിറ്റ് കോസ്റ്റ് കണക്കാക്കി 6-8 മാസം പ്രായമുള്ള 52 പോത്തു കുട്ടികളെ കുരുവട്ടൂർ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. 52 പോത്തു കുട്ടികളെയും ഇൻഷ്വർ ചെയ്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇൻഷ്വർ ചെയ്ത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(10/2022-23/22-8-2023) 24-11-24ന് ലഭ്യമാക്കിയ മറുപടിയിൽ (75/23) പദ്ധതി മാർഗ്ഗരേഖയിൽ പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്യണമെന്ന് നിഷ്കർഷിക്കപ്പെടാത്തതിനാലാണ് അപ്രകാരം ചെയ്യാതിരുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. സ.ഉ.എം.എസ്.നം.115/2022/LSGD Dt.28-5-22 സബ്സിഡി മാർഗ്ഗരേഖ ഖ. 6.3ൽ 33 പ്രകാരം ഇൻഷ്വറൻസ്,കടത്തുകൂലി എന്നിവ ഗുണഭോക്താക്കൾ വഹിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉരുക്കളെ നൽകുമ്പോൾ അവയ്ക്ക് രോഗമോ അപകടമോ സംഭവിച്ചാൽ കർഷകർക്ക് പണം ലഭിക്കേണ്ട രീതിയിൽ ഉരുക്കളെ ഗുണഭോക്താക്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ പറഞ്ഞിരിക്കുന്ന 52 പോത്തു കുട്ടികളും ഒന്നും സംഭവിക്കാതെ ഇപ്പോഴും ഗുണഭോക്താക്കളുടെ കൈവശമുണ്ടെന്ന് ഉറപ്പാക്കി അറിയിക്കേണ്ടതാണ്.

**1-23 അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് -വിനിയോഗ വിവരം ലഭ്യമല്ല.**

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ അനിമൽ ബർത്ത് കൺട്രോൾ പ്രോജക്ട് പ്രകാരം (196/23) 1,00,000 രൂപ (ബിൽ സാങ്ഷൻ നം. 528/ 28-3-23) വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് രണ്ടാമതൊരു എ.ബി.സി സെന്റർ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( 8 /2022-23 / 22-8-2023) മറുപടിയായി വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് അനുവദിച്ചു തരാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും കിട്ടുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാമെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതുവരെ ചെലവ് തുക 1,00,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-24 ഗുണഭോക്താവിന് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമായില്ല.**

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് |
| പ്രോജക്ടിന്റെ നമ്പർ | 139/23 |
| വകയിരുത്തിയതുക | 2450000 (1330000 വികസനഫണ്ട് + 840000 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് +280000 ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെലവുതുക | 2321900 (1330000 വികസനഫണ്ട് + 711900 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് + 280000 ജില്ലാ പഞ്ചായത്ത് ഫണ്ട്) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ശ്രീ സോണൽ.എം എന്ന കുട്ടിക്ക് ടിയാളുടെ യൂണിയൻ ബാങ്കിന്റെ 641402010018514 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ സാങ്ഷൻ നം 407/15-3-23 പ്രകാരം 28500/-രൂപ നൽകിയിട്ടുണ്ടെങ്കിലും സ്കോളർഷിപ്പ് തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടില്ല. ഗുണഭോക്താവിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ട് സ്റ്റാറ്റസ് പരിശോധിച്ചപ്പോൾ മേൽ അക്കൗണ്ട് നമ്പറിന് പകരം 6414020100108514 എന്ന് തെറ്റായി രേഖപ്പെടുത്തിയതിനാൽ ഗവൺമെന്റിലേക്ക് തിരിച്ച് പോയതായി കാണിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-7-2023 ലെ ഡിഎ1/264/2023 സർക്കുലർ പ്രകാരം ഇപ്രകാരം ഗുണഭോക്താവിന്റെ പണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥ കാരണം സർക്കാരിലേക്ക് തിരികെ പോകുന്നത് ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൃത്യമായ പരിശോധന നടത്താതെ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നൽകിയതിനാലാണ് അർഹമായ തുക ലഭിക്കാതിരുന്നത്. ഗുണഭോക്താവ് നൽകിയ ബാങ്ക് അക്കൗണ്ട് വിവരം കൃത്യമായ പരിശോധന നടത്താതെ സ്കോളർഷിപ്പ് തുക നൽകാനുണ്ടായ സാഹചര്യവും അർഹമായ തുക നൽകാൻ സ്വീകരിച്ച തുടർനടപടികളും അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(7 /2022-23 22-8-2023)** നൽകിയ മറുപടിയിൽ അപേക്ഷയിലെ അക്കൗണ്ട് നം. വ്യക്തമാകാത്തതിനാൽ തെറ്റിപ്പോയതാണെന്നും മറ്റൊരു കോപ്പി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാൻ കാലതാമസം നേരിട്ടിരുന്നുവെന്നും ആയതിനാലാണ് തുക തിരിച്ചുപോയതെന്നും അറിയിച്ചിട്ടുണ്ട്. 2023-24 പദ്ധതി റിവിഷനിൽ ഉൾപ്പെടുത്തി കുട്ടിക്ക് അർഹമായ തുക നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താവിന് അർഹമായ തുക തുടർ വർഷത്തെ പദ്ധതിയിൽ നിന്ന് നൽകി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ 16 പ്രോജക്ടുകളിലായി 7209743 തുക വകയിരുത്തി 4082755 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4 പ്രോജക്ടുകൾ മാത്രമാണ് യഥാർത്ഥത്തിൽ വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി ചെയ്യാവുന്നത്. ബാക്കി 12 എണ്ണം ജനറൽ പ്രോജക്ടുകളാണ്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നംപർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 21/23 സുഫലം ഫലവൃക്ഷതൈ വിതരണം (വനിത)(SO) | 5,620 | 5,620 |
| 2 | 22/23 പുഷ്പ കൃഷി വികസനം (SO) | 72,000 | 24,000 |
| 3 | 57/23പശു ഗ്രാമം (SO) | 8,40,000 | 90,000 |
| 4 | 58/23കിടാരി ഗ്രാമം (SO) | 4,17,000 | 1,75,000 |
| 5 | 127/23 ഗ്രോബാഗ് പച്ചക്കറി കൃഷി (വനിത) | 4,00,000 | 4,00,000 |
| 6 | 130/23 ഇടവിളകൃഷി (വനിത) | 8,30,783 | 8,30,783 |
| 7 | 131/23 ഞങ്ങളും കൃഷിയിലേക്ക് - വീട്ടുമുറ്റത്തൊരു പച്ചക്കറി സമൃദ്ധി -വനിത | 3,14,800 | 3,14,800 |
| 8 | 131/23 മുട്ട ഗ്രാമം | 1,50,000 | 1,50,000 |
| 9 | 164/23 കന്നുകുട്ടി പരിപാലനം പദ്ധതി വനിത | 8,25,000 | 4,12,500 |
| 10 | 165/23പോത്തുകുട്ടി വിതരണം -വനിത | 96,000 | 8,32,000 |

| | | | |
|---|---|---|---|
| 11 | 208/23 പശു ഗ്രാമം | 12,60,000 | 6,00,000 |
| 12 | 213/23 പുഷ്പ കൃഷി വികസനം 22-23 വനിത | 53,900 | 53,900 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1).സ.ഉ (കൈ)നം.84/2022/തസ്വഭവ.തീ.19-4-22 ഖണ്ഡിക 5.4.1(9)പ്രകാരം വികസന ഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടലുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗ പദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാണ് വനിതാഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കൃത്യമായ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതാഘടക പദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും തയ്യാറാക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ജെൻഡർ റിസോഴ്സ് സെന്റർ, കമ്യൂണിറ്റി വിമൺ ഫെസിലിറ്റേറ്റർ, ജെൻഡർ ഡസ്കുകൾ, ജാഗ്രതാ സമിതി, സ്ത്രീ പദവി പഠനം എന്നീ സഹായക സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കേണ്ടതാണ്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ, വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർബാങ്ക്, വിപണന കേന്ദ്രങ്ങൾ, ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രൊജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ.

വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ ഗ്രൂപ്പ്(178/23), വനിതാ സ്വയം തൊഴിൽ സംരംഭങ്ങൾ വ്യക്തിഗതം (179/23), ഭിന്നശേഷി കുട്ടികളുടെ അമ്മമാർക്ക് തൊഴിൽ സംരംഭങ്ങൾ വ്യക്തിഗതം (182/23) എന്നീ 3 പദ്ധതികൾക്ക് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി തുക വകയിരുത്തിയിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. 121/23 – ജനകീയ ഹോട്ടൽ എന്ന ഒരൊറ്റ പദ്ധതി മാത്രമാണ് തൻവർഷം ഈ മേഖലയിൽ തുക വകയിരുത്തി നടപ്പിലാക്കിയത് (വകയിരുത്തിയ തുക – 150010, ചെലവ് തുക – 143522).

തൻവർഷം ഈ മേഖലയിൽ തുക വകയിരുത്തി നടപ്പിലാക്കിയ പ്രോജക്ടുകൾ മുകളിൽ കൊടുത്ത ഒരു പദ്ധതി ഒഴികെ മറ്റെല്ലാ പദ്ധതികളും ജനറൽ പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്യേണ്ടവയായിരുന്നു. ഇതിൽ നിന്നും കൃത്യമായ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടില്ല എന്ന് ഓഡിറ്റ് കരുതുന്നു.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (20/22-11-23) മറുപടി നൽകിയിട്ടില്ല. തുടർ വർഷങ്ങളിൽ ഓഡിറ്റ് നിർദ്ദേശം പാലിച്ചുകൊണ്ട് വനിതകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

### 1-26 അങ്കണവാടി പോഷകാഹാരം - ടി.എച്ച്.ആർ.എസ്, കയറ്റിറക്ക കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ നൽകിയതിനാൽ അധിക ചെലവ്- മറ്റ് അപാകതകൾ

പ്രൊജക്ട് നം,പേര് - 1/23 അങ്കണവാടി പോഷകാഹാരം

വകയിരുത്തിയ തുക – 4900000 (2200000 – വികസന ഫണ്ട് + 1900000 – കേന്ദ്രാവിഷ്കൃതം+ 800000 – ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്)

ചെലവ് തുക – 4350000 (2200000 – വികസന ഫണ്ട്+1900000 – കേന്ദ്രാവിഷ്കൃതം+250000 – ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്)

1. ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പദ്ധതിയിൽ താഴെ കൊടുത്തിരിക്കും പ്രകാരം ടി.എച്ച്.ആർ.എസിന്റെ വില, കയറ്റിറക്ക കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ പിൻവലിച്ച് നൽകിയതിനാൽ 1,86,961 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ സാങ്ഷൻ നം/തീയ്യതി, ചെലവഴിച്ച തുക,ഫണ്ടിനം | ചെലവിനം, തുക | ടി.എച്ച്.ആർ.എസിന്റെ ഇൻവോയ്സ് നം/തുക | കയറ്റിറക്ക് കൂലി നൽകിയതിന്റെ വിശദാംശം (കി.ഗ്രാമിന് 2.75 രൂപ നിരക്കിൽ) |
|---|---|---|---|---|
| 1 | 322/25-2-23 – 13,09,451 (സെൻട്രൽ ഷെയർ) | ടി.എച്ച്.ആർ.എസ്- 268052<br>കയറ്റിറക്ക് കൂലി - 49591<br>സപ്ളൈകോ - 902721<br>വർക്കർമാർക്ക് സാധനങ്ങൾ വാങ്ങിയ ഇനത്തിൽ നൽകിയ തുക -89087<br>ആകെ- 1309451 | 039/10-1-23 – 130682<br>042/10-2-23 – 137370<br>ആകെ - 268052 | 2022 ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 12391 കി.ഗ്രാം ( 6368 + 6023) ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിഷ്ണു നൽകിയ തുക - 34075 രൂപ (17512 + 16563)<br>2022നവംബർ, ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 5642 കി.ഗ്രാം (1932 + 1932 + 1778) ടി.എച്ച്.ആർ.എസ് ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിഷ്ണു നൽകിയ തുക - 15516 രൂപ ( 5313 + 5313 + |

| | | | | |
|---|---|---|---|---|
| | | | | 4890)<br>ആകെ - 49591 (34075+15516) |
| 2 | 405/15-3-23 – 200000 (വികസന ഫണ്ട്) | ടി.എച്ച്.ആർ.എസ്- 200000 | 045/15-3-23- 133254<br>042/10-2-23 – 137370<br>ആകെ - 270624<br>ഒന്നാമത്തെ ഇൻവോയ്സ് തുക 62630 രൂപയിൽ പരിമിതപ്പെടുത്തി 200000രൂപ നാച്വറൽ ഫുഡ് പ്രൊഡക്ടസ് കക്കോടി എന്ന സ്ഥാപനത്തിന് നൽകി. | |
| 3 | 578/29-3-23 – 430065 (സെൻട്രൽ ഷെയർ) | കയറ്റിറക്ക് കൂലി - 43601<br>സപ്ളൈകോ - 386464 | | 2022 ഒക്ടോബർ, നവംബർ മാസങ്ങളിൽ 3053 കി.ഗ്രാം ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വി യ്ക്ക് നൽകിയ തുക -8396 രൂപ<br>2022 ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 12391 കി.ഗ്രാം ( 6368 + 6023) ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ |

| | | | | |
|---|---|---|---|---|
| | | | | ഷാരുൺ . വിസ്ക്ക് നൽകിയ തുക - 19689 രൂപ ( 17512 + 2177 (16563 രൂപയിൽ 2177 രൂപ മാത്രം പരിമിതപ്പെടുത്തി നൽകി.) ബാക്കിയുള്ള 14386 രൂപ 2023-24 വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി 13/16-5-23 ബിൽ പ്രകാരം 2023-24 വർഷം ശ്രീ ഷാരുൺ . വിസ്ക്ക് നൽകി.<br>2022നവംബർ, ഡിസംബർ, 2023 ജനുവരി മാസങ്ങളിൽ 5642 കി.ഗ്രാം (1932 + 1932 + 1778) ടി.എച്ച്.ആർ.എസ് ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിസ്ക്ക് നൽകിയ തുക - 15516 രൂപ ( 5313 + 5313 + 4890)<br>ആകെ കയറ്റിറക്ക് കൂലി - 43601 |
| | | | | |

ഇവിടെ ക്രമ നം. 1 പട്ടികയിൽ കാണിച്ച 1,37,370 രൂപയുടെ ഇൻവോയ്സ് പ്രകാരമുള്ള തുക തന്നെയാണ് ക്രമ നം. 2 പട്ടികയിൽ കാണിച്ച 1,37,370 രൂപയും. 2 ഇൻവോയ്സും ഒന്നു തന്നെയായിട്ടും രണ്ടു തവണ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. അതുപോലെ കയറ്റിറക്ക് കൂലിയിൽ ഒന്നാമത്തെ പട്ടികയിൽ കാണിച്ച അതേ മാസത്തെ കൈപ്പറ്റ് രസീത് പ്രകാരമുള്ള തുക തന്നെ (2022 ഒക്ടോബർ,നവംബർ മാസങ്ങൾ ഒഴികെ ) ക്രമ നം. 3പട്ടിക പ്രകാരവും പിൻവലിച്ച് നൽകിയതായി കാണുന്നു. രണ്ടു തവണ ഈയിനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രകാരം തുക ചെലവഴിച്ചതുവഴി 2022-23 വർഷം 1,72,575 രൂപയും (137370+35205(49591-14386)) , 2023-24 വർഷം 14,386 രൂപയും ഉൾപ്പെടെ ആകെ 1,86,961 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

2.ന്യൂട്രിമിക്സ് ഉത്പന്നം - ബിൽ തുകയിൽ നിന്ന് ടി.ഡി.എസ്. ഈടാക്കിയില്ല

അങ്കണവാടി പോഷകാഹാര പദ്ധതിയിൽ നാച്വറൽ ഫുഡ് പ്രൊഡക്ട്സ് കക്കോടി എന്ന സ്ഥാപനത്തിൽ നിന്നാണ് താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGST യും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയപ്പോൾ ഉത്പന്നത്തിന്റെ ആകെ മൂല്യം 2.5ലക്ഷത്തിൽ അധികരിക്കുന്നുവെങ്കിലും സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

ഓഡിറ്റ് വർഷം അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തിയ്യതി | ന്യൂട്രിമിക്സിന് CGST,SGST (5%) ഉൾപ്പെടെ അനുവദിച്ച ബിൽ തുക | ഈടാക്കേണ്ട ജി.എസ്.ടി. |
|---|---|---|
| 020/14-6-22 | 129837 | 2597 |
| 018/04- 22 | 141486 | 2830 |
| 023/20-7-22 | 126420 | 2528 |
| 028/30-8-22 | 132997 | 2660 |
| 030/1-12-22 | 135092 | 2702 |
| 036/7-12-22 | 142002 | 2840 |
| 030/4-10-22 | 142002 | 2840 |
| 039/10-1-23 | 130682 | 2614 |
| 042/10-2-23 | 137370 | 2747 |
| 045/15-3-23 | 133254 | 2665 |
| | | 27,023 |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) ലും സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം അങ്കണവാടികളിലെ പോഷകാഹാരവിതരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന 'അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിരിക്കുന്നു. ഒരു വർഷത്തിൽ സ്ഥാപനം വിതരണം ചെയ്യുന്ന ഉത്പന്നത്തിന്റെ ആകെ

മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാഹചര്യത്തിലും (ചെറിയ തുകയുടെ ബില്ലുകളായിട്ടാണ് പെയ്മെന്റുകൾ നടത്തിയിരിക്കുന്നത്) ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 2% നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

മേൽ കാണിച്ചിരിക്കും പ്രകാരം ടി.എച്ച്.ആർ.എസിന്റെ വില, കയറ്റിറക്ക കൂലി എന്നീയിനങ്ങളിൽ അധിക തുക പിൻവലിച്ച് നൽകിയതിനും ന്യൂട്രിമിക്സ് ഉത്പന്നത്തിന്റെ ബിൽ തുകയിൽ നിന്ന് സ്രോതസ്സിൽ നിന്ന് ടി.ഡി.എസ്. ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22-8-23) മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ ന്യൂട്രിമിക്സ് യൂണിറ്റിന് ബിൽ തുക തെറ്റായി മാറി നൽകിപ്പോയതാണെന്നും അധികമായി നൽകിയ തുക 2023 -24 വർഷത്തിൽ യൂണിറ്റിന് നൽകാനുള്ള ബിൽ തുകയിൽ നിന്നും കുറവുവരുത്തി നൽകുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. കയറ്റിറക്ക കൂലിയിനത്തിൽ ശ്രീ ഷാരുൺ . വിയ്ക്ക് അധികം നൽകിയ തുക 2023 -24 വർഷത്തിലും ഇയാൾക്ക് തന്നെ ക്വട്ടേഷൻ ലഭിച്ചതിനാൽ ടിയാന് നൽകാനുള്ള കയറ്റിറക്ക കൂലിയിൽ മേൽ തുക കുറവ് വരുത്തി നൽകുന്നതാമെന്നും അറിയിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ശ്രീ ഷാരുൺ . വിയിൽ നിന്നും അധികമായി നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്. അതുവരെ 2022-23 വർഷം അധികമായി നൽകിയ 1,72,575 രൂപ ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ക്രമ നം.2 ന്യൂട്രിമിക്സ് ഉത്പന്നത്തിന്റെ ബിൽ തുകയിൽ നിന്ന് സ്രോതസ്സിൽ നിന്ന് ടി.ഡി.എസ്. ഈടാക്കാത്തതിനുള്ള വിശദീകരണത്തിന് മറുപടിയായി സ്ഥാപനം കൃത്യമായി GST സർക്കാരിലേക്കടവാക്കുന്നതിനാൽ പരാമർശം ഒഴിവാക്കാനാവശ്യപ്പെട്ടുകൊണ്ട് ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അത് പഞ്ചായത്ത് വാങ്ങിയ ന്യൂട്രിമിക്സിന്റേതാണെന്ന് ഉറപ്പാക്കാനായിട്ടില്ല. ആയത് ഉറപ്പാക്കി അറിയിക്കേണ്ടതും വരും വർഷങ്ങളിൽ കൃത്യമായി ന്യൂട്രിമിക്സ് ഉത്പന്നത്തിന്റെ ബിൽ തുകയിൽ നിന്ന് സ്രോതസ്സിൽ നിന്ന് ടി.ഡി.എസ്. ഈടാക്കി അറിയിക്കേണ്ടതുമാണ്.

**1-27 ബഡ്സ് സ്കൂൾ - പ്രവർത്തനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച്**

ഗ്രാമപഞ്ചായത്തിൽ 2019 മുതൽ കണ്ണാടിച്ചാൽ എന്ന സ്ഥലത്ത് ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. 23-11-2023ന് ഓഡിറ്റിന്റെ ഭാഗമായി ബഡ്സ് സ്കൂൾ സന്ദർശിക്കുകയുണ്ടായി. സ്ഥാപനം സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടില്ല. നിലവിൽ ഒരു അടുക്കളയും മൈക്ക ബോർഡു കൊണ്ട് പാർട്ടീഷൻ ചെയ്ത രണ്ടു റൂമുകളും ഒരു ക്ളാസ് റൂമുമാണുള്ളത്. 2 റൂമുകളിൽ ഒന്ന് ഓഫീസ് റൂമായി ഉപയോഗിക്കുന്നു. മറ്റൊന്നിൽ ഫർണ്ണിച്ചറുകൾ കൂട്ടിയിട്ടിരിക്കുകയാണ്. പിറകുവശത്തായി ഷീറ്റിട്ട ഭാഗത്ത് 2ജെന്റ്സ് ടോയ്‌ലറ്റും ഒരു ലേഡീസ് ടോയ്‌ലറ്റും ഉണ്ട്. എൽ.ഇ.ഡി ടി.വി ഉണ്ടെങ്കിലും കേബിൾ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ സാധന സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ട് മുഖേന 2022-23 ൽ വാങ്ങി നൽകിയ ബ്ളൂ ടൂത്ത് സ്പീക്കർ നിലവിൽ വർക്ക് ചെയ്യുന്നില്ല. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ മാനസിക വെല്ലുവിളി നേരിടുന്ന 73 പേർക്കാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്. എന്നാൽ ബഡ്സ് സ്കൂളിന്റെ അറ്റന്റൻസ് രജിസ്റ്റർ പ്രകാരം നിലവിൽ മാനസിക വെല്ലുവിളി നേരിടുന്ന 11 പേരാണ് സ്ഥാപനത്തെ ആശ്രയിക്കുന്നത്. മറ്റുള്ളവർ സമീപപഞ്ചായത്തുകളിലെ ബഡ്സ് സ്കൂളുകളെയും സ്വകാര്യ മേഖലയിലെ സ്കൂളുകളെയുമാണ് ആശ്രയിക്കുന്നത്. ബഡ്സ് സ്കൂൾ വാഹന സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ട് മുഖേന കുട്ടികളെ വാഹനമേർപ്പെടുത്തി സ്കൂളിലെത്തിക്കുന്നുണ്ട്. നിലവിൽ ഒരു ടീച്ചറും ഹെൽപ്പറുമാണ് ഇവിടെ ഉള്ളത്. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി എന്നിവയ്ക്ക് ടീച്ചർമാരെ നിയമിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ മാനസികമായി ഭിന്നശേഷിക്കാരായ മുഴുവൻ ആളുകൾക്കും സേവനം ലഭ്യമാകുന്ന രീതിയിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആയി പ്രവർത്തിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ബഡ്സ് സ്കൂളിൽ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും സ്ഥാപനം മെച്ചപ്പെടുത്തുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( 21 /2022-23 / 24-11-2023) മറുപടിയായി ബ്ളൂ ടൂത്ത് സ്പീക്കർ റിപ്പയർ ചെയ്യുന്നതിന് നടപടികൽ സ്വീകരിച്ചിട്ടുണ്ടെന്നും 2023-24 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തി ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ, കക്കോടി എന്ന പേരിൽ 75/24 നമ്പറായി പ്രോജക്ട് വച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് അപാകതകളെല്ലാം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററായി ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 പകൽ വീട് പ്രവർത്തനം കാര്യക്ഷമമല്ല

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പകൽവീട് കെയർ ടേക്കറുടെ ഹോണറേറിയം എന്ന പ്രോജക്ട് മുഖേന (2/23) വികസന ഫണ്ടിൽ നിന്നും 84000 രൂപ(12x7000) 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്. 23.11.2023 ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ സ്ഥാപനം നല്ലനിലയിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടു. ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന അതേ കോമ്പൗണ്ടിൽ തന്നെയാണ് പകൽവീടും സ്ഥിതി ചെയ്യുന്നത്. കെയർ ടേക്കറെ പഞ്ചായത്തിലെ ഡ്യൂട്ടിക്ക് നിയോഗിച്ചതിനാൽ ബഡ്സ് സ്കൂൾ ടീച്ചറാണ് സ്ഥാപനം തുറന്നിട്ടിരിക്കുന്നത്. സ്ഥാപനത്തിൽ വയോജനങ്ങൾ ആരും തന്നെയില്ലായിരുന്നു. ഒരു വലിയ ഹാളും ഹാളിന്റെ ഒരു വശത്തായി ഒരു ചെറിയ മുറിയും മറ്റൊരു വശത്ത് വാഷ് റൂമുമാണുള്ളത്. മുറിയിൽ കട്ടിലുകളും മറ്റ് ഫർണ്ണിച്ചറുകളും ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുകയാണ്. ഹാളിന്റെ ഒരു വശത്ത് 2 വലിയ മേശയും ഒരു കസേരയുമുണ്ട്. മറ്റൊരു വശത്ത് 3 പേർക്കിരിക്കാവുന്ന രണ്ട് വിസിറ്റേഴ്സ് ചെയറുമുണ്ട്. അതിന്റെയടുത്തായി ധാരാളം ഫൈബർ കസേരകൾ കൂട്ടിയിട്ടിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ ഹാജർ രജിസ്റ്റർ പരിശോധിച്ചതിൽ 2019 തുടക്കത്തിൽ കെയർ ടേക്കറും , വയോജനങ്ങളായ 11 പേരും മിക്കവാറും സ്ഥാപനത്തിൽ ഹാജരായിട്ടുള്ളതായി കണ്ടു. ഹാജർ രജിസ്റ്റർ

പ്രകാരം നിലവിൽ 5 പേർ സ്ഥാപനത്തിലുണ്ടെങ്കിലും 2 പേർ മാത്രമേ സ്ഥിരമായി വരുന്നുള്ളൂ. പിറകു വശത്ത് 2 ടോയ്‌ലറ്റ് മുറികളുണ്ട്. അതിൽ ഒന്നിൽ ഒരു ഇന്ത്യൻ ക്ലോസറ്റോടുകൂടിയുള്ള ബാത്ത് റൂം സജ്ജീകരിച്ചിട്ടുണ്ട്. മറ്റേ റൂം ഒന്നും ചെയ്യാതെ ഒഴിച്ചിട്ടിരിക്കുകയാണ്. പ്രായമായവർക്ക് ഉപയോഗിക്കുന്നതിനുള്ള യൂറോപ്യൻ ക്ലോസറ്റില്ല. സ്ഥാപനത്തിൽ അടുക്കളയും , ഭക്ഷണ വിതരണത്തിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടില്ല.

സ്വന്തമായി കിണറും കുടിവെള്ളവും ലഭ്യമാണ്. ടെലിവിഷൻ ഉണ്ടെങ്കിലും കേബിൾ കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രവർത്തന സജ്ജമല്ല. തുടർ പ്രവർത്തനങ്ങൾക്ക് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-29 വാടക- അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വാടക വരവ് പരിശോധിക്കുന്നതിന്റെ ഭാഗമായി വാടക രജിസ്റ്റർ, വാടക കരാർ എന്നിവ പരിശോധിച്ചതിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 29 മുറികളാണ് വാടകയ്ക്ക് നൽകാനുള്ളത്. ഇതിൽ 26 മുറികളാണ് 2022-23 സമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. 2022 ഏപ്രിൽ മാസം 1 മുതൽ മാർച്ച് 31 വരെ ഒരു വർഷത്തേക്കാണ് വാടകക്കാരുമായി കരാർ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുന്നതിനുള്ള ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. കെട്ടിടം വാടകയ്ക്ക് നൽകുന്ന വ്യക്തികളുമായി സ്ഥാപനം കരാറിലേർപ്പെടുന്നുണ്ട്. കരാറിലെ വ്യവസ്ഥ 2 (1) പ്രകാരം വാടകക്കാരൻ വാടക മുൻകൂറായും ഓരോ മാസവും 5ാം തീയതിലോ അതിനു മുമ്പോ നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത വ്യവസ്ഥ ലംഘിക്കുന്ന പക്ഷം എപ്രകാരമാണ് പിഴ ഈടാക്കുന്നതെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നിരുന്നാലും നിലവിൽ വാടക എത്ര വൈകി അടവാക്കിയാലും വാടകയുടെ 2 ശതമാനം (ഒറ്റ തവണ) മാത്രമാണ് പിഴയായി ഈടാക്കി വരുന്നത്. ഇത് ബൈലോയ്ക്ക് വിരുദ്ധമാണ്. പഞ്ചായത്തിന്റെ ബൈലോയിലെ 18-ാം ഖണ്ഡിക പ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതുമാസം 5-ാം തീയതിക്ക് മുമ്പായി പഞ്ചായത്തിൽ അടയ്ക്കേണ്ടതാണ്. വാടക യഥാസമയം അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിയ തീയതി മുതൽ പണമടയ്ക്കുന്ന തീയതി ഉൾപ്പടെയുള്ള കാലത്തേക്ക് പ്രതിമാസം നിശ്ചിത ശതമാനം പിഴ പലിശയോട് കൂടി വാടക അടയ്ക്കേണ്ടതാണ്.

മേൽ വ്യവസ്ഥ കരാറിൽ ഉൾക്കൊള്ളിക്കാത്തതിനാലും തെറ്റായി പിഴ പലിശ ഈടാക്കിയതിനാലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിരിക്കുന്നു. ഒരുദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വാടക ക്കാരന്റെ പേര്/ മേൽ വിലാസം | വാടക തുക (രൂപ) | വാടക അടവാക്കേണ്ട മാസം | വാടക അടവാക്കിയ തീയതി/ രസീതി നമ്പർ | ഈടാക്കിയ പിഴ പ്പലിശ തുക (രൂപ) (16%) | ഈടാക്കേണ്ട പിഴ പ്പലിശ തുക (രൂപ) (72%) | ഈടാക്കിയതിൽ കുറവ് തുക (രൂപ) |
|---|---|---|---|---|---|---|---|
| | | | | | | | |
| 9 | ശ്രീ. രാജൻ. | 792/- | 2022 ഓഗസ്റ്റ് മുതൽ 2023 | 01.03.2023/ 1220110261 | 127/- | 571/- | 444/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെ.എം, കാരാട്ട് മീത്തൽ, കുരുവട്ടൂർ | | മാർച്ച് വരെ | | | | |

കുറിപ്പ്: നിലവിൽ വാടകയുടെ 2% മാണ് പിഴപ്പലിശ ഈടാക്കി വരുന്നത്.

വാടക വൈകി അടവാക്കിയ മറ്റ് 21 കെട്ടിടങ്ങളിൽ നിന്നും ഇത്തരത്തിൽ തന്നെയാണ് പിഴ പലിശ ഈടാക്കിയിട്ടുള്ളത്. ഇതിലൂടെ പഞ്ചായത്ത് ഫണ്ടിന് വലിയ നഷ്ടം സംഭവിക്കുന്നുണ്ട്. വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ബൈലോ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ടിനുണ്ടാകാനിടയുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി പോഷകാഹാരം - ടി.എച്ച്.ആർ.എസ്, കയറ്റിറക്കു കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ നൽകിയതിനാൽ അധിക ചെലവ്

പ്രൊജക്ട് നം,പേര് - 1/23 അങ്കണവാടി പോഷകാഹാരം

വകയിരുത്തിയ തുക – 4900000 (2200000 – വികസന ഫണ്ട് + 1900000 – കേന്ദ്രാവിഷ്കൃതം + 800000 – ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്)

ചെലവ് തുക – 4350000 (2200000 – വികസന ഫണ്ട് + 1900000 – കേന്ദ്രാവിഷ്കൃതം + 250000 – ബ്ളോക്ക് പഞ്ചായത്ത് ഫണ്ട്)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പദ്ധതിയിൽ താഴെ കൊടുത്തിരിക്കും പ്രകാരം ടി.എച്ച്.ആർ.എസിന്റെ വില, കയറ്റിറക്കു കൂലിയിനങ്ങളിൽ ബിൽ തുക രണ്ട് തവണ പിൻവലിച്ച് നൽകിയതിനാൽ 1,86,961 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ബിൽ സാങ്ഷൻ നം/തീയ്യതി, ചെലവഴിച്ച തുക,ഫണ്ടിനം | ചെലവിനം, തുക | ടി.എച്ച്.ആർ.എസിന്റെ ഇൻവോയ്സ് നം/തുക | കയറ്റിറക്ക് കൂലി നൽകിയതിന്റെ വിശദാംശം (കി.ഗ്രാമിന് 2.75 രൂപ നിരക്കിൽ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 322/25-2-23 – 13,09,451 (സെൻട്രൽ ഷെയർ) | ടി.എച്ച്.ആർ.എസ്- 268052<br>കയറ്റിറക്ക് കൂലി - 49591<br>സപ്ളൈകോ - 902721<br>വർക്കർമാർക്ക് സാധനങ്ങൾ വാങ്ങിയ ഇനത്തിൽ നൽകിയ തുക -89087<br>ആകെ- 1309451 | 039/10-1-23 – 130682<br>042/10-2-23 – 137370<br>ആകെ - 268052 | 2022 ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 12391 കി.ഗ്രാം (6368 + 6023) ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിഷ്ണ് നൽകിയ തുക - 34075 രൂപ (17512 + 16563)<br>2022നവംബർ, ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 5642 കി.ഗ്രാം ( 1932 + 1932+1778) ടി.എച്ച്.ആർ.എസ് ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിഷ്ണ് നൽകിയ തുക - 15516 രൂപ ( 5313 + 5313 + 4890)<br>ആകെ - 49591 (34075 + 15516) |
| 2 | 405/15-3-23 – 200000 (വികസന ഫണ്ട്) | ടി.എച്ച്.ആർ.എസ്- 200000 | 045/15-3-23- 133254<br>042/10-2-23 – 137370<br>ആകെ - 270624<br>ഒന്നാമത്തെ ഇൻവോയ്സ് തുക 62630 രൂപയിൽ പരിമിതപ്പെടുത്തി 200000രൂപ നാച്വറൽ ഫുഡ് പ്രൊഡക്ടസ് കക്കോടി എന്ന സ്ഥാപനത്തിന് നൽകി. | |
| 3 | 578/29-3-23 – 430065 | കയറ്റിറക്ക് കൂലി - 43601 | | 2022 ഒക്ടോബർ,നവംബർ |

| | | | | | |
|---|---|---|---|---|---|
| | | | | | മാസങ്ങളിൽ 3053 കി.ഗ്രാം ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിസ്റ്റ് നൽകിയ തുക -8396 രൂപ<br>2022 ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 12391 കി.ഗ്രാം ( 6368 + 6023) ഭക്ഷ്യ ധാന്യം ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിസ്റ്റ് നൽകിയ തുക - 19689 രൂപ ( 17512 + 2177 (16563 രൂപയിൽ 2177 രൂപ മാത്രം പരിമിതപ്പെടുത്തി നൽകി.) ബാക്കിയുള്ള 14386 രൂപ 2023-24 വർഷ പ്രോജക്ടിൽ ഉൾപ്പെടുത്തി 13/16-5-23 ബിൽ പ്രകാരം 2023-24 വർഷം ശ്രീ ഷാരുൺ . വിസ്റ്റ് നൽകി.<br>2022നവംബർ, ഡിസംബർ, 2023 ജനവരി മാസങ്ങളിൽ 5642 കി.ഗ്രാം (1932 + 1932 + 1778) ടി.എച്ച്.ആർ.എസ് ഇറക്കിയ വകയിൽ ശ്രീ ഷാരുൺ . വിസ്റ്റ് നൽകിയ തുക - 15516 രൂപ ( 5313 + 5313 +4890) |
| | | (സെൻട്രൽ ഷെയർ) | സപ്ളൈകോ 386464 | - | |

| | | | | |
|---|---|---|---|---|
| | | | | ആകെ കയറ്റിറക്ക് കൂലി - 43601 |
| | | | | |

ഇവിടെ ക്രമ നം. 1 പട്ടികയിൽ കാണിച്ച 137370 രൂപയുടെ ഇൻവോയ്സ് പ്രകാരമുള്ള തുക തന്നെയാണ് ക്രമ നം. 2 പട്ടികയിൽ കാണിച്ച 137370 രൂപയും. 2 ഇൻവോയ്സും ഒന്നു തന്നെയായിട്ടും രണ്ടു തവണ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. അതുപോലെ കയറ്റിറക്ക് കൂലിയിൽ 1ാമത്തെ പട്ടികയിൽ കാണിച്ച അതേ മാസത്തെ കൈപ്പറ്റ് രസീത് പ്രകാരമുള്ള തുക തന്നെ (2022 ഒക്ടോബർ,നവംബർ മാസങ്ങൾ ഒഴികെ ) ക്രമ നം. 3പട്ടിക പ്രകാരവും പിൻവലിച്ച് നൽകിയതായി കാണുന്നു. രണ്ടു തവണ ഈയിനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രകാരം തുക ചെലവഴിച്ചതുവഴി 2022-23 വർഷം 1,72,575 രൂപയും ( 137370+35205(49591-14386) ) ,2023-24 വർഷം 14,386 രൂപയും ഉൾപ്പെടെ ആകെ 1,86,961 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്.

മേൽ കാണിച്ചിരിക്കും പ്രകാരം ടി.എച്ച്.ആർ.എസിന്റെ വില, കയറ്റിറക്കു കൂലി എന്നീയിനങ്ങളിൽ അധിക തുക പിൻവലിച്ച് നൽകിയതിനും ന്യൂട്രിമിക്സ് ഉത്പന്നത്തിന്റെ ബിൽ തുകയിൽ നിന്ന് സ്രോതസ്സിൽ നിന്ന് ടി.ഡി.എസ്. ഈടാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/22-8-23) മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ ന്യൂട്രിമിക്സ് യൂണിറ്റിന് ബിൽ തുക തെറ്റായി മാറി നൽകിപ്പോയതാണെന്നും അധികമായി നൽകിയ തുക 2023 -24 വർഷത്തിൽ യൂണിറ്റിന് നൽകാനുള്ള ബിൽ തുകയിൽ നിന്നും കുറവുവരുത്തി നൽകുന്നതാണെന്നുമറിയിച്ചിട്ടുണ്ട്. കയറ്റിറക്കു കൂലിയിനത്തിൽ ശ്രീ ഷാരുൺ . വിയ്ക്ക് അധികം നൽകിയ തുക 2023 -24 വർഷത്തിലും ഇയാൾക്ക് തന്നെ ക്വട്ടേഷൻ ലഭിച്ചതിനാൽ ടിയാന് നൽകാനുള്ള കയറ്റിറക്കു കൂലിയിൽ മേൽ തുക കുറവു വരുത്തി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും ശ്രീ.ഷാരുൺ.വിയിൽ നിന്നും അധികമായി നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്. അതുവരെ 2022-23 വർഷം അധികമായി നൽകിയ 1,72,575 രൂപ ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

**3-2 ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തിക്ക് ഫോംവർക്കിനുള്ള നിരക്ക് അനുവദിച്ചതിനാൽ അധികചെലവ് - 3288 /- രൂപ**

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള കോൺക്രീറ്റ് ഡ്രൈനേജ് നിർമ്മാണത്തിൽ കോൺക്രീറ്റിനായി പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ മോർഡിലെ 3.5.1, 11.4.1.1, 11.4.2.1, 75.8.1.1A,11.4.4,11.8 എന്നിവയാണ്. ഇതിൽ ഡ്രൈനിന്റെ ബെഡ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഐറ്റം 11.4.1.1 ആണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയ പ്രോജക്ട് ഫയൽ 109/23 പരിശോധിച്ചതിൽ ഐറ്റം 3.5.1 പ്രകാരം മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ഡ്രൈൻ ബെഡ് കോൺക്രീറ്റ് നടന്നിട്ടുള്ളത്. അതുകൊണ്ട് തന്നെ ഈ പ്രവൃത്തികളിലൊന്നും ഫോംവർക്കിന്റെ ആവശ്യകത വേണ്ടി വന്നിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറ്റം 11.4.1.1 ന്റെ നിരക്കിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിലും ഫോംവർക്കിനുള്ള നിരക്കുൾപ്പെടും വിധമുള്ള ഇനങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല.മുകളിൽ വിവരിച്ച പദ്ധതിയിൽ ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 109/23 |
| പ്രോജക്ടിന്റെ പേര് | കൊലേരിതാഴം കണ്ണാടിച്ചാലിൽ റോഡ് ഡ്രൈനേജ് |
| അടങ്കൽ | 3,50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 304576/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ബിൽ സാങ്ഷൻ നമ്പർ | 471/25/03/2023 തുക -304576/- |
| ഡ്രൈൻ ബെഡിന് ചെലവഴിച്ച തുക | 85496/- (10.687x8000) |
| ഫോം വർക്കിനായി | 3288/- (8000-7692.31)x10.687 |

| | |
|---|---|
| ചെലവാക്കിയത് 4% | |

മേൽ പ്രവൃത്തിയിൽ ഫോംവർക്ക് ചെയ്തിട്ടില്ലെന്നിരിക്കെ ആയതിനുള്ള നിരക്കുൾപ്പെടുന്ന തുക കരാറുകാരന് നൽകിയത് വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (2/2022-23/20/11/2023) ക്ക് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഡ്രയിൻ ബെഡ് കോൺക്രീറ്റ് ചെയ്യാൻ വേണ്ടി മണ്ണെടുത്ത ശേഷം ഉറപ്പുള്ള മണ്ണ് അല്ലാത്തതിനാൽ മെഷർമെന്റിൽ രേഖപ്പെടുത്തിയതിലും കൂടുതലായി ഇറഗുലർ ഷെയ്പ്പിലായി മണ്ണ് ഇടിഞ്ഞ് വീണിരുന്നുവെന്നും ആയത് മെഷർമെന്റിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് നിലവിൽ ഫോം വർക്ക് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവർത്തി ചെയ്തത് മനസ്സിലാക്കാൻ സാധിക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇ എം ബുക്ക് പ്രകാരം ഫോം വർക്ക് ഉപയോഗിച്ച് കോൺക്രീറ്റ് പ്രവർത്തി ചെയ്തത് മനസ്സിലാക്കാൻ സാധിക്കാത്താതിനാൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവർത്തിക്ക് ഫോംവർക്കിനുള്ള നിരക്ക് അനുവദിച്ചതിലൂടെ ഉണ്ടായ അധികചെലവ് അംഗീകരിക്കുന്നില്ല. 3288/- രൂപ നിരാകരിക്കുന്നു. കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 17-11-2023 മുതൽ 24-11-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000 | അങ്കണവാടി പോഷകാഹാരം | 2,50,000 | 0 |
| | 2021-22 | 19,97,000 | ശ്മശാന നിർമ്മാണ പൂർത്തീകരണം | 1,47,431 | 18,49,569 |
| | 2022-23 | 1,44,857 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 1,44,857 | 0 |
| | 2022-23 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |
| | 2022-23 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവ | 50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | | |
| | 2022-23 | 7,11,900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾള്ള സ്കോളർഷിപ്പ് | 7,11,900 | 0 |
| | | | ആകെ | 14,04,188 | 18,49,569 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 29,34,533 | ശ്മശാന നിർമ്മാണ പൂർത്തീകരണം | 29,34,533 | 0 |
| | 2022-23 | 9,94,143 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 9,94,143 | 0 |
| | 2022-23 | 2,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 0 |
| | 2022-23 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 | 0 |
| | 2022-23 | 2,80,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾള്ള സ്കോളർഷിപ്പ് | 2,80,000 | 0 |
| | | | ആകെ | 44,58,676 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പുളിയക്കോട്ട്താഴം അംഗൻവാടി | 22200884/ 31.1.23 | 19424 | 19424 | 0 |

| | | | | | |
|---|---|---|---|---|---|
| | റോഡ് വൈദ്യുതി ളുൺ മാറ്റൽ | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2022-23 | 0 | 7,68,024 | 12,36,957 | 0 | -4,68,933 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി,ഓഹരി | 4.8.1988 | | 2,500 | |
| 2 | കോഴിക്കോട് ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം ,ഓഹരി | 20.2.1986 | | 500 | |

| | | |
|---|---|---|
| ആകെ | 3,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3-2 | 1250 | സുനിൽ കുമാർ.എം.പി, സെക്രട്ടറി | 1220100880 തീയതി 13.05.22 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ഓഡിറ്റ് വർഷം** | **ഖണ്ഡിക** | **സമാഹൃത റിപ്പോർട്ട് വർഷം** | **ഖണ്ഡിക** | **വിഷയം** | **ഇപ്പോഴത്തെ അവസ്ഥ** |
|---|---|---|---|---|---|
| 2000-01 | | 2004-05 | 11.1.3.51 | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | പരാമർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | " |
| 2016-17 | 2-7 | 2017-18 | 1.11.7 | വസ്തുനികുതിയിൽ നഷ്ടം | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,23,15,550 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,45,38,830 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,75,863 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,96,716 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 1,72,575/- | ശ്രീമതി.അമിത.എം.കേളപ്പൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-2 | - | 3,288/- | ശ്രീമതി. രമ്യ.എൻ.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,96,716 | ശ്രീമതി.അംബിക രാജൻ നമ്പ്യാർ,വെറ്ററിനറി സർജൻ |
| 1-23 | 1,00,000 | ശ്രീമതി.അംബിക രാജൻ നമ്പ്യാർ,വെറ്ററിനറി സർജൻ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അമിത.എം.കേളപ്പൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,കക്കോടി ഗ്രാമപഞ്ചായത്ത് | മാക്കോൽ,അബയാഗിരി, വാളയാർ,കോഴിക്കോട്-673517 |

| | | |
|---|---|---|
| ശ്രീമതി. രമ്യ.എൻ.കെ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,കക്കോടി ഗ്രാമപഞ്ചായത്ത് | നെല്ലിക്കോട്ടു കണ്ടിയിൽ, നരിക്കുനി.പി.ഒ-673585 |
| ശ്രീമതി.അംബിക രാജൻ നമ്പ്യാർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ , കക്കോടി ഗ്രാമപഞ്ചായത്ത് | സിൽവർ ലൈൻ,ചെറുകുളം, മക്കട.പി.ഒ-67361 |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| **1990-91 1992-93** | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/09(6)തി.29.04.10 | 1 | 12 |
| **1994-95 1995-96** | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/09(8)തി.29.04.10 | 8 | 11,12,17(1,2),18,21,22, 24(3),24(5) |
| **1996-97** | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/09(1)തി.29.04.10 | 5 | 12,24,25,29,35 |
| 1999-00 ഡി.സി.ബി | കെ.എസ്.എ.കെ. കെ.ഡി. പി.5/10/2022(3) തി.18.4.22 | 4 | 9,10,11,12 |
| **2001-02** | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(6) തി.12.02.21 | 1 | 3-10(2) |
| **2001-02** (പ്ലാൻ) | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14തി.15.06.15 | 1 | 6 |
| 2006-07 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(7) തി.19.4.23 | 4 | 3-6, 3-16, 3-21(1), (2), 3-22 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(8) തി.19.4.23 | 12 | 3-2(b), 3-3, 3-4, 3-5, 3-6, 3-8, 3-9,3-11,3-16, 3-18, 3-19, 3-21 |
| 2009-10 2010-11 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(10) തി.19.4.23 | 3 | 3-3,3-4, 3-6 |
| 2011-12 2012-13 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(11) തി.19.4.23 | 3 | 3-10,3-22,3-23 |
| 2013-14 2014-15 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(12) തി.19.4.23 | 2 | 2-2, 3-3, 3-6 |
| 2015-16 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(13) തി.19.4.23 | 11 | 3-3,3-4,3-5,3-6, 3-7, 3-8 , 3-13, 3-14, 3-15,3-17,3-18 |
| 2016-17 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(14) തി.19.4.23 | 11 | 2-7,2-8,3-1,3-6, 3-7, 3-8, 3-9, 3-14, 3-18, 3-23,3-25 |
| 2017-18 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(15) തി.19.4.23 | 2 | 3-5,3-15 |
| 2018-19 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/2022(16) തി.19.4.23 | 5 | 1-13,1-18, 1-19,1-22,1-32 |
| 2019-20 | കെ.എസ്.എ.കെ. കെ.ഡി. പി.5/106/2022 തി.11.4.22 | 9 | 1-10(3)(4),1-11,1-12,1-13, 1-14,1-16,1-17,1-18,1-20 |
| 2020-21 | കെ.എസ്.എ.കെ. കെ.ഡി. പി.5/107/2022 തി.11.4.22 | 13 | 1-2,1-9,1-12(2)(3)(4)(8-(3)),1-16,1-17,1-19, 1-20,1-21,1-23, 1-24,1-25,1-27,3-1 |
| 2021-22 | കെ.എസ്.എ.കെ. കെ.ഡി. പി.5/653/2023 തി.1.6.23 | 10 | 1-1,1-10,1-11,1-13,1-14, 1-15,3-1,3-2,3-3,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 131/23 dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kakkodi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kakkodi Grama Panchayat for the year 2022-2023

**Date: 22/12/2023**

**Deputy Director**
**District Office Kozhikode**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kakkodi Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios .

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c. directly debited by bank further action not taken.

d.directly credited by bank-amount not taken into account.

e. The amount deposited in e-payment account is not credited on time.

f. lapses in making timely and accurate demand entries in respect of tax and non tax revenue.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്